2025
DECEMBER
22
MONDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper







# ഇലക്ട്രിക് ട്രക്ക് ഇടനാഴി യാഥാർഥ്യമാക്കാൻ കേരളം

**തിരുവനന്തപുരം:** രാജ്യത്ത് ആദ്യമായി ഒരു ഇലക്ട്രിക്ക് ട്രക്ക് ഇടനാഴി യാഥാർഥ്യമാക്കാൻ കേരളം ഒരുങ്ങുന്നു. സംസ്ഥാനത്തെ തുറമുഖങ്ങളുമായി ബന്ധപ്പെട്ടതും വ്യാവസായിക ചരക്കു നീക്കത്തിൽ വലിയ പങ്ക് വഹിക്കുന്നതുമായ ഇന്ത്യയിലെത്തന്നെ ഏറ്റവും തിരക്കേറിയതും സുപ്രധാനവുമായ ഇടനാഴികളിൽ ഒന്നായ ദേശീയ പാത 66 ലാണ് ഈ സംരംഭം യാഥാർഥ്യമാക്കാൻ തയ്യാറെടുക്കുന്നത്. വൈദ്യുത ചരക്ക് ഗതാഗതം വേഗത്തിലാക്കാൻ ഉദ്ദേശിച്ചു കൊണ്ടുള്ള പിഎം ഇ-ഡ്രൈവ് പദ്ധതിയുമായി സംസ്ഥാന ഏജൻസികളുടെ ഏകോപനത്തിലൂടെയാണ് ഇത് സാധ്യമാക്കുന്നത്. .




വൈദ്യുത ചരക്ക് ഗതാഗതത്തിനായുള്ള സംസ്ഥാനത്തിന്റെ റോഡ്മാപ്പ് തയ്യാറാക്കുന്നതിനായി സംസ്ഥാനത്തുനിന്നുള്ള മുതിർന്ന സർക്കാർ ഉദ്യോഗസ്ഥർ, വൈദ്യുതി സ്ഥാപനങ്ങൾ, വൈദ്യുത വാഹന കമ്പനികൾ, ലോജിസ്റ്റിക്സ് ഓപ്പറേറ്റർമാർ, സാങ്കേതിക വിദഗ്ധർ തുടങ്ങിയവർ പങ്കെടുത്ത ശിൽപ്പശാല തിരുവനന്തപുരത്ത് നടന്നു. മലിനീകരണം ഇല്ലാത്ത ഗതാഗതത്തിലേക്കുള്ള ഇന്ത്യയുടെ മാറ്റത്തിൽ കേരളം വീണ്ടും നേതൃസ്ഥാനം ഉറപ്പിച്ചിരിക്കുകയാണെന്ന് ശിൽപ്പശാല വിലയിരുത്തി. പ്രധാന ദേശീയ, സംസ്ഥാന ഹൈവേകളിലായി ഇ-ട്രക്ക്, ഇ-ബസ് ചാർജിങ് അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി 2,000 കോടി രൂപ നീക്കിവച്ചിട്ടുള്ള പിഎം ഇ-ഡ്രൈവ് പദ്ധതി കേരളത്തിന്റെ ഈ മുന്നേറ്റത്തിന് കൂടുതൽ ശക്തി പകരും. കെ.എസ്.ഇ.ബിയും, ഇന്റർനാഷണൽ കൗൺസിൽ ഓൺ ക്ലീൻ ട്രാൻസ്പോർട്ടേഷനും (ഐ.സി.സി.ടി) സംയുക്തമായി സംഘടിപ്പിച്ച ശിൽപ്പശാലയിൽ പിഎം ഇ-ഡ്രൈവ് പദ്ധതിയോട് ചേർന്ന് കേരളത്തിന്റെ ഇ-ട്രക്ക് മേഖലയുടെ മുന്നോട്ടുള്ള പ്രയാണം' എന്ന വിഷയത്തിൽ വിശദമായ ചർച്ചകൾ നടന്നു.

മുന്നോട്ടുള്ള പാതയിൽ ഏകോപനം കൈവരിക്കാനും, വെല്ലുവിളികൾ വിലയിരുത്തി പ്രവർത്തിക്കാനും, കേരളത്തിലെ ഇ-ട്രക്ക് മേഖലയുടെ വികാസം ലക്ഷ്യമിട്ട് പ്രവർത്തനയോഗ്യമായ പദ്ധതി രൂപപ്പെടുത്താനും തീരുമാനമായി. സി വിഭാഗത്തിൽപ്പെടുന്ന സ്വകാര്യ ഭൂമികളിൽ പി.എം ഇ-ഡ്രൈവ് പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നത് സുഗമമാക്കൻ ഉദ്ദേശിച്ചുള്ള വെബ് പോർട്ടൽ സംസ്ഥാന വൈദ്യുത മന്ത്രി കെ. കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്തു. കെ.എസ്.ഇ.ബി.വികസിപ്പിച്ച ഈ പോർട്ടൽ, ഇത്തരത്തിലുള്ള ഇന്ത്യയിലെ തന്നെ ആദ്യത്തെ സംരംഭമാണ്. ചാർജ് പോയിന്റ് ഓപ്പറേറ്റർമാർക്ക് സി വിഭാഗം അനുശാസിക്കുന്ന വിധത്തിൽ സ്വകാര്യ ഭൂമിയുടെ വിശദാംശങ്ങൾ അപ്‌ലോഡ് ചെയ്യാൻ ഈ പോർട്ടലിലൂടെ സാധ്യമാകും.

അനുയോജ്യമായ സ്വകാര്യ ഭൂമികളുടെ സംയോജനം സാധ്യമാക്കുകയും അംഗീകാരത്തിനായി ഹെവി ഇൻഡസ്ട്രീസ് മന്ത്രാലയത്തിന് സമയബന്ധിതമായി നിർദ്ദേശങ്ങൾ സമർപ്പിക്കാനും ഇതിലൂടെ സാധ്യമാകും. ചരക്ക് നീക്കം മൂലമുണ്ടാകുന്ന മലിനീകരണം സമഗ്രമായി കുറയ്ക്കുന്നതിനായി, ഇടത്തരവും വലുതുമായ ചരക്കു വാഹനങ്ങളുടെ വൈദ്യുതീകരണം ത്വരിതപ്പെടുത്തേണ്ടത് അത്യാവശ്യമാണെന്ന് മന്ത്രി കെ. കൃഷ്ണൻകുട്ടി പറഞ്ഞു. ആവശ്യമായ ചാർജിംഗ് അടിസ്ഥാന സൗകര്യങ്ങൾ വിന്യസിക്കാൻ പ്രാപ്തമാക്കുന്നതിലൂടെ പിഎം ഇ-ഡ്രൈവ് പദ്ധതി അതിനുള്ള അവസരം നൽകുന്നുവെന്നും അദ്ദേഹം പറഞ്ഞു.

# ഭരണത്തിൽ വ്യക്തികളുടെ ഗുണനിലവാരം നിർണ്ണായകം: ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ

**ഹൈദരാബാദ്;** 2047ഓടെ വികസിത ഭാരതം സാക്ഷാത്കരിക്കുകയെന്ന ദർശനത്തിലേക്ക് ഇന്ത്യ മുന്നേറുമ്പോൾ, ഭരണനിർവ്വഹണ സംവിധാനങ്ങളുടെ ഗുണമേന്മ മാത്രമല്ല, അവയെ നയിക്കുന്ന വ്യക്തികളുടെ ഗുണനിലവാരവും അത്യന്തം നിർണായകമായിരിക്കുമെന്ന് ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ പറഞ്ഞു. ഹൈദരാബാദിൽ നടന്ന സംസ്ഥാന പബ്ലിക് സർവീസ് കമ്മീഷൻ ചെയർപേഴ്സൺമാരുടെ ദേശീയ സമ്മേളനത്തിന്റെ സമാപനയോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. രാഷ്ട്രസേവനത്തിനായി പ്രതിഭാധനരും നിഷ്പക്ഷരും ധാർമ്മികരുമായ വ്യക്തികളെ തിരഞ്ഞെടുക്കുന്നതിനുള്ള മഹത്തായ ഉത്തരവാദിത്തം ഏൽപ്പിക്കപ്പെട്ടിരിക്കുന്ന ഭരണഘടനാ സ്ഥാപനങ്ങളാണ് പബ്ലിക് സർവീസ് കമ്മീഷനുകൾ. പബ്ലിക് സർവീസ് കമ്മീഷനുകളുടെ ഭരണഘടനാദത്തമായ സ്വയംഭരണാധികാരം, പൊതു നിയമനങ്ങളിൽ യോഗ്യത, നീതി, സുതാര്യത എന്നിവ സംരക്ഷിക്കുന്നതിന്റെ ആധാരശിലയാണെന്ന് ഉപരാഷ്ട്രപതി ചൂണ്ടിക്കാട്ടി. പതിറ്റാണ്ടുകളായി കേന്ദ്രത്തിലും സംസ്ഥാനങ്ങളിലുമായി പ്രവർത്തിക്കുന്ന കമ്മീഷനുകൾ ഭരണനിർവ്വഹണത്തിലെ നൈരന്തര്യം, സ്ഥാപനപരമായ സ്ഥിരത, സിവിൽ സർവീസ് ഉദ്യോഗസ്ഥരുടെ നിഷ്പക്ഷമായ തിരഞ്ഞെടുപ്പ് എന്നിവ ഉറപ്പാക്കുന്നതിലൂടെ പൊതുജനവിശ്വാസം ആർജ്ജിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ഡിജിറ്റൽ ഭരണം, സാമൂഹിക സർവ്വാശ്ലേഷിത്വം, അടിസ്ഥാന സൗകര്യ വികസനം, കാലാവസ്ഥാ നടപടികൾ, സാമ്പത്തിക പരിവർത്തനം തുടങ്ങിയ ദേശീയ മുൻഗണനകളുടെ ഫലപ്രദമായ നിർവ്വഹണം തിരഞ്ഞെടുക്കപ്പെടുന്ന ഭരണാധികാരികളുടെ ഗുണനിലവാരത്തെ ആശ്രയിച്ചിരിക്കുന്നുവെന്ന് അദ്ദേഹം വ്യക്തമാക്കി.നിഷ്പക്ഷതയാണ് പൊതു നിയമനങ്ങളുടെ ധാർമ്മിക അടിത്തറ. പക്ഷപാതം ഒഴിവാക്കുന്നതിൽ സുതാര്യത അനിവാര്യ ഘടകമാണെന്നും ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ പറഞ്ഞു. ഒറ്റപ്പെട്ട ക്രമക്കേടുകൾ പോലും സ്ഥാപനങ്ങളുടെ വിശ്വാസ്യതയെ ഗുരുതരമായി ബാധിക്കും പൊതു പരീക്ഷകളിലെ തെറ്റായ പ്രവണതകളോട് യാതൊരു സഹിഷ്ണുതയും പുലർത്തരുതെന്ന് നിർദ്ദേശിച്ചു. അക്കാദമിക മികവിനപ്പുറം, ശക്തമായ ധാർമ്മിക ബോധം, സംവേദനക്ഷമത, നേതൃത്വപരമായ ശേഷി, ടീം വർക്ക് എന്നിവയും സമകാലിക സിവിൽ സർവീസ് ഉദ്യോഗസ്ഥർക്ക് അനിവാര്യമാണെന്ന് ഉപരാഷ്ട്രപതി വ്യക്തമാക്കി. വിജ്ഞാനാധിഷ്ഠിത പരീക്ഷകൾക്കൊപ്പം നല്ല പെരുമാറ്റത്തിന്റെയും ധാർമ്മികമായ ശേഷിയുടെയും നീതിയുക്തവും ഘടനാപരവുമായ വിലയിരുത്തലുകൾ പബ്ലിക് സർവീസ് കമ്മീഷനുകൾ പരിഗണിക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. നിയമനം കിട്ടി എന്നത് കൊണ്ട് മാത്രം ആജീവനാന്ത മികവ് ഉറപ്പാക്കാനാകില്ല. സ്ഥാപന സമഗ്രത സംരക്ഷിക്കുന്നതിനായി പ്രകടന വിലയിരുത്തൽ, വിജിലൻസ് മേൽനോട്ടം, ആനുകാലിക അവലോകന സംവിധാനങ്ങൾ എന്നിവ വസ്തുനിഷ്ഠമായും സുതാര്യമായും പ്രയോജനപ്പെടുത്തണം. സദ് സ്വഭാവവും ധാർമ്മിക പെരുമാറ്റവും രാഷ്ട്രനിർമ്മാണത്തിന്റെയും പൊതുജനവിശ്വാസത്തിന്റെയും അടിസ്ഥാനശിലയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# ഗാന്ധി ശിൽപ്പ് ബസാർ കൊച്ചിൻ ക്രാഫ്റ്റ് ഫെസ്റ്റിന് കൊച്ചിയിൽ തുടക്കമായി

**കൊച്ചി:** കേന്ദ്ര ടെക്സ്റ്റൈൽസ് മന്ത്രാലയത്തിന് കീഴിലുള്ള ഡെവലപ്മെന്റ് കമ്മീഷണറുടെ ഓഫീസ് സംഘടിപ്പിക്കുന്ന ഗാന്ധി ശിൽപ്പ് ബസാർ കൊച്ചിൻ ക്രാഫ്റ്റ് ഫെസ്റ്റ് 2025, കൊച്ചിയിൽ തുടങ്ങി. ഹൈബി ഈഡൻ എം.പി ഉദ്ഘാടനം ചെയ്തു. എറണാകുളം എം.എൽ.എ ടി.ജെ. വിനോദ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ജില്ലാ കളക്ടർ ജി. പ്രിയങ്ക വിൽപ്പന സ്റ്റാളുകളുടെ ഉദ്ഘാടനം നിർവ്വഹിച്ചു. 10 ദിവസം നീണ്ടുനിൽക്കുന്ന ഈ മേള 2025 ഡിസംബർ 20 മുതൽ 29 വരെ എറണാകുളം മറൈൻ ഡ്രൈവിന് സമീപമുള്ള ശിവക്ഷേത്ര മൈതാനത്താണ് നടക്കുന്നത്.






വികസന കമ്മീഷണറുടെ ഓഫീസ് രാജ്യമെമ്പാടുമായി ഗാന്ധി ശിൽപ ബസാറുകൾ സംഘടിപ്പിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായിട്ടാണ് കൊച്ചിയിലും ആരംഭിച്ചത്. രാജ്യത്തെ കരകൗശല വിദഗ്ധർക്ക് കലാപ്രേമികളായ ജനങ്ങളുമായി ഇടപഴകാനും അവരുമായി വിപണി ബന്ധം സ്ഥാപിക്കാനും ലക്ഷ്യമിട്ടാണ് ഈ പരിപാടി സംഘടിപ്പിക്കുന്നത്.പങ്കെടുക്കുന്ന കരകൗശല വിദഗ്ധർക്ക് ഉപഭോക്താവിന്റെ യഥാർത്ഥ ആവശ്യങ്ങളും അഭിരുചിയും നേരിട്ട് മനസ്സിലാക്കാനും വിപണി ആവശ്യകത അനുസരിച്ച് അവരുടെ രൂപകൽപനകൾ ക്രമീകരിക്കാനും ഇതുവഴി കഴിയും. രാജ്യത്തുടനീളമുള്ള അത്ഭുതകരമായ കരകൗശല സൃഷ്ടികൾ ഒരിടത്തായി പ്രദർശിപ്പിക്കുന്ന സവിശേഷ പരിപാടിയാണിത്. കൊച്ചിയിലും പരിസര പ്രദേശങ്ങളിലും താമസിക്കുന്ന കലാപ്രേമികളായ പൊതുജനങ്ങൾക്ക് രാജ്യത്തെ വ്യത്യസ്തമാർന്ന കരകൗശലവസ്തുക്കൾ കാണാനുള്ള മികച്ച അവസരം ഈ പരിപാടി നൽകുന്നു.ദേശീയ, സംസ്ഥാന പുരസ്കാര ജേതാക്കൾ ഉൾപ്പെടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള തിരഞ്ഞെടുക്കപ്പെട്ട 70 ഓളം മികച്ച കരകൗശല വിദഗ്ധർ അവരുടെ കലാകരകൗശല പൈതൃകത്തിന്റെ തെളിവായ, അതിമനോഹര കരകൗശല സൃഷ്ടികളുമായി മേളയിൽ പങ്കെടുക്കുമെന്ന് ലെനിൻ രാജ് പറഞ്ഞു. വികസന കമ്മീഷണർ ഓഫീസിന്റെ www.indian.handicrafts.gov.in എന്ന ഓൺലൈൻ പോർട്ടലിലൂടെയാണ് ഇവരെ തിരഞ്ഞെടുത്തത്.

കാശ്മീർ ഷാളുകൾ, ആഭരണങ്ങൾ, പരവതാനികൾ, കലാചാരുതയുള്ള ലോഹവസ്തുക്കൾ, ആറന്മുളകണ്ണാടി, ഹാൻഡ് പ്രിന്റ് ചെയ്ത തുണിത്തരങ്ങൾ, കലാപരമായി ആകർഷകമായ മൺപാത്രങ്ങൾ, തുകൽ വസ്തുക്കൾ, മിഥില പെയിന്റിംഗുകൾ, പശ്ചിമ ബംഗാളിലെ ചണ കരകൗശല വസ്തുക്കൾ, പ്രിന്റ് ചെയ്ത ബെഡ് ഷീറ്റുകൾ, ഹാൻഡ് എംബ്രോയിഡറി, ചൂരൽ ആന്റ് മുള ഉൽപ്പന്നങ്ങൾ, വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ നിന്നുള്ള ഉണങ്ങിയ പുഷ്പങ്ങൾ കൊണ്ട് നിർമിക്കുന്ന വസ്തുക്കൾ, മരത്തിലും കല്ലിലും ചെയ്യുന്ന അതിമനോഹരമായ കൊത്തുപണികൾ, വെങ്കലശില്പങ്ങൾ , കലംകാരി സാരികൾ, ടെറാക്കോട്ട, കടലാസ് രൂപങ്ങൾ, ഹാൻഡ് ബ്ലോക്ക് പ്രിന്റിംഗ്, സാരി എംബ്രോയിഡറി, ബാത്തിക്, പ്രകൃതിദത്ത നാരുകളുടെ ഉൽപ്പന്നങ്ങൾ, തഞ്ചാവൂർ/മൈസൂർ പെയിന്റിംഗുകൾ തുടങ്ങി നിരവധി വസ്തുക്കൾ പ്രദർശന വിൽപ്പന മേളയിൽ ഉണ്ടാകും. കൈത്തറി നെയ്ത്തുതൊഴിലാളികളും പരിപാടിയിൽ പങ്കെടുക്കും. കൂടാതെ,വിദഗ്ധരുടെ നേതൃത്വത്തിൽ മറ്റ് സംസ്ഥാനങ്ങളിലെ പ്രധാനപ്പെട്ടതും സൂക്ഷ്മവുമായ കരകൗശല നിർമാണ രീതിയുടെ തത്സമയ അവതരണവും സംഘടിപ്പിച്ചിട്ടുണ്ട്.

ഡിസംബർ 29 വരെ രാവിലെ 10.00 മുതൽ രാത്രി 8.00 വരെ സൗജന്യമായി പങ്കെടുക്കാം.

സൊസൈറ്റി ടുഡേ
SOCIETY TODAY



# വല്ലാർപാടം ബസലിക്കയിൽ ക്രിസ്തുമസ് ആഘോഷം 'താര 2കെ25' ന് തുടക്കമായി

**കൊച്ചി:** തൂമഞ്ഞിന്റെ കുളിരും വൈവിധ്യമാർന്ന കലാ,സാംസ്‌ക്കാരിക പരിപാടികളുടെ ആഘോഷരാവുകളും സമ്മാനിച്ചുകൊണ്ട് പത്ത് നാൾ നീണ്ടുനിൽക്കുന്ന ക്രിസ്തുമസ് ആഘോഷ പരിപാടികൾക്ക് വല്ലാർപാടം ബസലിക്കയിൽ തുടക്കമായി. ഇതിന്റെ ഭാഗമായി ക്രിസ്തുമസ് വില്ലേജിന്റെ ഔപചാരികമായ ഉത്ഘാടനം റെക്ടർ ഫാ. ജെറോം ചമ്മിണിക്കോടത്ത് നിർവ്വഹിച്ചു. ക്രിസ്തുമസ് ബസാർ, ലൈവ് മ്യൂസിക്, ഫോട്ടോ പോയിന്റ്, ഫുഡ് ആന്റ് ഡ്രിംഗ് സ്റ്റാൾ, ഗെയിംസ്, ഡെക്കറേഷൻസ് എന്നിവയാണ് ക്രിസ്തുമസ് വില്ലേജിന്റെ ആകർഷണങ്ങൾ. 20 ന് വൈകീട്ട് 6.30 ന് കെ സി വൈ എം ന്റെ നേതൃത്വത്തിൽ അഖില കേരള ക്രിസ്മസ് കാരൾഗാന മത്സരം അരങ്ങേറും. ഇടവകയിലെ കിടപ്പുരോഗികൾക്ക് വേണ്ടി പ്രത്യേക ദിവ്യബലി, ക്രിസ്തുമസ് സംഗമം, ക്രിസ്തുമസ് വിളംബര റാലി, പുൽക്കൂട് നിർമ്മാണ മത്സരം, നക്ഷത്ര നിർമ്മാണ മത്സരം എന്നിവയാണ് ആഘോഷ പരിപാടികളിലെ മുഖ്യ ഇനങ്ങൾ. ഡിസംബർ 23ന് നടക്കുന്ന ക്രിസ്തുമസ് വിളംബര റാലി വരാപ്പുഴ അതിരൂപത സഹായമെത്രാൻ ഡോ. ആന്റണി വാലുങ്കൽ ഫ് ളാഗ് ഓഫ് ചെയ്യും.

28ന് പിന്നണി ഗായകൻ വിപിൻ സേവ്യർ നയിക്കുന്ന എം. ബാൻഡ് മെഗാ ക്രിസ്തുമസ് സംഗീത നിശയോടെ പരിപാടികൾ സമാപിക്കും. ഇടവകയിലെ കെ.സി.വൈ.എം, ജീസസ് യൂത്ത്, വിശ്വാസ പരിശീലന വിഭാഗം എന്നിവർ ചേർന്നാണ് ആഘോഷ പരിപാടികൾ സംഘടിപ്പിക്കുന്നത്.




# നാവിക ആസ്ഥാനത്ത് ജൈവ മാലിന്യ സംസ്ക്കരണ പദ്ധതി

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ ഇലക്ട്രിക്കൽ കമ്പനിയായ ഗ്രൂപ്പ് ലെഗ്രാൻഡ് ഇന്ത്യ, കൊച്ചി നേവൽ ബേസ് ആസ്ഥാനമായ ഐ എൻ എസ് വെണ്ടുരുത്തിയിൽ നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ജൈവ മാലിന്യ സംസ്ക്കരണ പദ്ധതി ആരംഭിച്ചു. കമ്പനിയുടെ സി.എസ്.ആർ സംരംഭങ്ങളുടെ ഭാഗമായാണ് ഇത് നടപ്പാക്കുന്നത്. മാലിന്യ സംസ്കരണ മേഖലയിൽ പ്രമുഖരായ റാം ബയോളജിക്കൽസിന്റെ സഹകരണത്തോടെ, ഐ. എൻ. എസ് വെണ്ടുരുത്തിയിൽ സമ്പൂർണ്ണ മാലിന്യ സംസ്ക്കരണ പദ്ധതിയുടെ അവസാന ഘട്ടവും ഇതോടെ പ്രവർത്തനം ആരംഭിച്ചു.

പദ്ധതിയുടെ ഭാഗമായി, പ്രതിദിനം ഏകദേശം ഒരു ടൺ ശേഷിയുള്ള, പൂർണ്ണമായും ഓട്ടോമാറ്റിക്കായ ജൈവ മാലിന്യ സംസ്കരണ യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. ഷ്രെഡിംഗ്, ഡ്രൈയിംഗ് പ്രക്രിയകൾ സംയോജിപ്പിച്ചിരിക്കുന്ന ഈ യൂണിറ്റ്, 12 മണിക്കൂറിനുള്ളിൽ ജൈവ മാലിന്യങ്ങളെ കമ്പോസ്റ്റിങ്ങിന് അനുയോജ്യമായ ഈർപ്പമില്ലാത്തതും ദുർഗന്ധരഹിതവുമായ വസ്തുവാക്കി മാറ്റുന്നു. വൈദ്യുത ഹീറ്റിംഗ് കോയിലുകൾ ഉപയോഗിക്കാതെയുള്ള പ്രക്രിയ ആയതിനാൽ ഊർജക്ഷമത ഉറപ്പാക്കാനും ഇത് മൂലം സാധിക്കുന്നു. സാങ്കേതികവിദ്യയ്ക്ക് പേറ്റന്റ് ലഭിച്ചിട്ടുണ്ട്. പൂർണമായ ഓട്ടോമേഷൻ വഴി 100 ശതമാനം ജൈവ മാലിന്യ സംസ്കരണം സാധ്യമാക്കുന്നതിനായി രൂപകൽപ്പന ചെയ്തതാണ് ഈ സംവിധാനം. ജൈവ മാലിന്യങ്ങളെ കമ്പോസ്റ്റും വളവുമാക്കി മാറ്റുന്ന ഈ പരിസ്ഥിതി സൗഹൃദ പ്രക്രിയ, സുസ്ഥിര മാലിന്യ സംസ്ക്കരണ രംഗത്ത് ഒരു മാതൃകയാണ്. ഇന്ത്യൻ നാവിക സേനയുമായി ചേർന്നുള്ള ഈ പദ്ധതി, പരിസ്ഥിതിയ്ക്കെതിരെയുള്ള പ്രവർത്തനങ്ങൾ ഗണ്യമായി കുറയ്ക്കുകയും സർക്കുലർ ഇക്കണോമിയിലേക്കുള്ള വഴികൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതാണെന്ന് ഗ്രൂപ്പ് ലെഗ്രാൻഡ് ഇന്ത്യ സി.എസ്.ആർ ആൻഡ് സസ്റ്റൈനബിലിറ്റി വൈസ് പ്രസിഡന്റ് ആബിദ അനീസ് പറഞ്ഞു.

## കുസാറ്റ്: അസിസ്റ്റന്റ് ഒഴിവ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ പ്രൊഫ. എൻ ആർ മാധവ മേനോൻ ഇന്റർഡിസിപ്ലിനറി സെന്റർ ഫോർ റിസർച്ച് എത്തിക്സ് ആൻഡ് പ്രോട്ടോകോൾസിൽ കരാർ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് ഒഴിവിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. ഫിനാൻസ്/അക്കൗണ്ടൻസി/മാത്തമാറ്റിക്സിൽ ബിരുദം/ബിരുദാനന്തര ബിരുദം, ജനറൽ അഡ്മിനിസ്ട്രേഷൻ/അക്കൗണ്ടിങ്ങിൽ അല്ലെങ്കിൽ ബന്ധപ്പെട്ട മേഖലയിൽ കുറഞ്ഞത് 6 മാസം പ്രവർത്തി പരിചയമാണ് യോഗ്യത. CA/ICWA Inter/Tally പരിചയം അഭികാമ്യം. താൽപര്യമുള്ള ഉദ്യോർത്ഥികൾ പൂരിപ്പിച്ച അപേക്ഷയും, വയസ്, യോഗ്യത, പ്രവർത്തി പരിചയം എന്നിവ തെളിയിക്കുന്ന സ്വയം സാക്ഷ്യപ്പെടുത്തിയ രേഖകളുടെ കോപ്പി 'Director, ICREP, Cochin Universtiy of Science and Technology, CUSAT - 682022' എന്ന വിലാസത്തിൽ ഡിസംബർ 31ന് മുൻപായി ലഭിക്കത്തക്കവിധം അയക്കുക. അപേക്ഷക്കും മറ്റ് വിവരങ്ങൾക്കും https://icrep.cusat.ac.in/news എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## സീനിയർ റസിഡന്റ് ഒഴിവ്

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ സീനിയർ റസിഡന്റ് തസ്തികളിൽ കരാർ അടിസ്ഥാനത്തിൽ താൽക്കാലിക നിയമനം നടത്തുന്നു. ത്വക്ക് രോഗ വിഭാഗം(ഡെർമറ്റോളജി)റേഡിയോ ഡയഗ്നോസിസ് എന്നീ വിഭാഗങ്ങളിലായി രണ്ട് വീതം ഒഴിവുകളാണുള്ളത്. ബന്ധപ്പെട്ട വിഷയങ്ങളിൽ എം.ഡി/ഡി.എൻ.ബി ബിരുദവും, ടി.സി.എം.സി രജിസ്ട്രേഷനുമാണ് യോഗ്യത.

താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ വയസ്സ്, യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും പകർപ്പും സഹിതം ഡിസംബർ 30ന് മെഡിക്കൽ കോളേജ് സി.സി.എം ഹാളിൽ നടക്കുന്ന അഭിമുഖത്തിൽ പങ്കെടുക്കേണ്ടതാണ്.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** തെങ്ങു കൃഷിയിലും നാളികേരാധിഷ്ഠിത വ്യവസായത്തിലും മികച്ച സംഭാവനകൾ നൽകുന്നവർക്കായി നാളികേര വികസന ബോർഡ് ഏർപ്പെടുത്തിയ ദേശീയ അവാർഡുകൾക്ക് അപേക്ഷ ക്ഷണിച്ചു.

മികച്ച നാളികേര കർഷകർ (പരമ്പരാഗത, ഇതര സംസ്ഥാനങ്ങൾ), മികച്ച സംസ്കരണ സംരംഭകൻ, വിജ്ഞാന വ്യാപന ഉദ്യോഗസ്ഥൻ, മികച്ച തെങ്ങ് കയറ്റക്കാരൻ, സ്ത്രീകൾ നടത്തുന്ന സംസ്കരണ യൂണിറ്റുകൾ എന്നിങ്ങനെ ആറ് വിഭാഗങ്ങളിലായാണ് അവാർഡ് നൽകുന്നത്. താൽപ്പര്യമുള്ളവർ ജനുവരി 15 നുള്ളിൽ ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. ഫോൺ : 0484-27540000

## സെക്യൂരിറ്റി സർജന്റ് ഒഴിവ്

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി വികസന സമിതിയുടെ കീഴിൽ സെക്യൂരിറ്റി സർജന്റ് തസ്തികയിലേക്ക് ദിവസ വേതനാടിസ്ഥാനത്തിൽ താൽക്കാലിക നിയമനം നടത്തുന്നു. സുരക്ഷാ മേൽനോട്ട ചുമതലകളിൽ പരിചയം, അഗ്നിശമനദുരന്ത നിവാരണ സംവിധാനങ്ങളിലെ പ്രവൃത്തിപരിചയം, സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ സെക്യൂരിറ്റി സർജന്റായി ജോലി ചെയ്തവർ, എറണാകുളം ജില്ലയിൽ സ്ഥിരതാമസമുള്ളവർ എന്നിവർക്ക് മുൻഗണന. താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ വയസ്സ്, യോഗ്യത എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും അവയുടെ പകർപ്പുകളും സഹിതം ഡിസംബർ 30 ന് മെഡിക്കൽ കോളേജ് സി.സി.എം ഹാളിൽ നടത്തുന്ന വാക്ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കേണ്ടതാണ്. ഫോൺ : 0484-2754000

## റെയിൽവേ ഗേറ്റ്മാൻ ഒഴിവ്

**കൊച്ചി:** റെയിൽവേ പാലക്കാട് ഡിവിഷനിലെ എൻജിനീയറിങ്/ട്രാഫിക് വകുപ്പുകളിൽ ഇന്റർലോക്ക്ഡ് ലെവൽ ക്രോസിംഗ് ഗേറ്റുകളിൽ കരാർ അടിസ്ഥാനത്തിൽ ഗേറ്റ്മാനായി ജോലി ചെയ്യാൻ വിമുക്തഭടന്മാരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. കുറഞ്ഞത് 15 വർഷം മിലിട്ടറി സർവീസുള്ളവർക്കും എസ്.എസ്.എൽ.സി അല്ലെങ്കിൽ ആർമി തത്തുല്യ യോഗ്യതയുള്ളവർക്കുമാണ് അവസരം.അപേക്ഷകർക്ക് ഡിസംബർ 23ന് 50 വയസ്സ് തികയാൻ പാടുള്ളതല്ല. താൽപര്യമുള്ള എറണാകുളം ജില്ലയിലെ വിമുക്തഭടന്മാർ ജില്ലാ സൈനികക്ഷേമ ഓഫീസിൽ നിന്നുള്ള മാതൃക അപേക്ഷയോടൊപ്പം തിരിച്ചറിയൽ കാർഡ്, ആധാർ, ഡിസ്ചാർജ് സർട്ടിഫിക്കറ്റ്, പി.പി.ഒ, വിദ്യാഭ്യാസ യോഗ്യത എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം ഡിസംബർ 29നകം അപേക്ഷ നൽകണം. അപേക്ഷകൾ ഹാർഡ് കോപ്പിയായും സോഫ്റ്റ് കോപ്പിയായും നേരിട്ട് സമർപ്പിക്കേണ്ടതാണ്. ഫോൺ : 0484-2422239



# അതിജീവനത്തിന്റെ അടയാളമായി ബിനാലെയിൽ ബിരേന്ദർ യാദവിന്റെ പ്രതിഷ്ഠാപനം

**കൊച്ചി:** രാജ്യപുരോഗതിയുടെ ഓരോ ഇഷ്ടികയും അക്ഷരാർഥത്തിൽ പണിതുയർത്തുന്ന നിശബ്ദ തൊഴിലാളികളെ ഓർക്കാനും അവർ സമൂഹത്തിന് നൽകുന്ന പങ്കിനെയും കുറിച്ച് ആഴത്തിൽ ചിന്തിപ്പിക്കുകയാണ് കൊച്ചി മുസിരിസ് ബിനാലെ ആറാംലക്കത്തിൽ ആസ്പിൻവാൾ ഹൗസിൽ ബിരേന്ദർ യാദവ് ഒരുക്കിയിട്ടുള്ള പ്രതിഷ്ഠാപനം.

ഓൺലി ദ എർത്ത് നോസ് ദെയർ ലേബർ എന്ന പ്രതിഷ്ഠാപനത്തിലെ ഈ വരികൾ അംഗീകാരം ലഭിക്കാത്ത തൊഴിലാളികൾക്കുള്ള ഉചിതമായ സ്മാരകശിലയാണ്. ആൾക്കൂട്ടത്തിനിടയിൽ മുഖമില്ലാത്തവരായി തൊഴിലാളികൾ മാറുന്ന കയ്പ് നിറഞ്ഞ യാഥാർത്ഥ്യത്തെ വരികൾ ഓർമ്മിപ്പിക്കുന്നു. യാദവിന്റെ പ്രതിഷ്ഠാപനത്തിൽ തൊഴിലാളികൾ ആരും തന്നെ ഇല്ലെന്നതാണ് യാഥാർഥ്യം. പക്ഷെ കലാരൂപത്തിന്റെ ഇഴകളിൽ അവരുടെ സാന്നിധ്യം സർവവ്യാപിയാകുന്നു. കളിമണ്ണിന്റെ ചുവപ്പും കാണാമറയത്തുള്ള കഠിനാധ്വാനത്തിന്റെ ഭാരവും നിറഞ്ഞ അന്തരീക്ഷമാണ് ഈ കലാസൃഷ്ടി കാണുമ്പോൾ അനുഭവപ്പെടുന്നത്. ഉയർന്നുനിൽക്കുന്ന ഇഷ്ടിക ഭിത്തികളിലൂടെയുള്ള പടവുകൾ സാവധാനം ചുറ്റപ്പെട്ട ഭൂപ്രകൃതിയായി മാറുന്നു.

മധ്യഭാഗത്ത് ഇഷ്ടിക ചൂളയുടെ പുകക്കുഴലിനെ അനുസ്മരിപ്പിക്കുന്ന കളിമൺ നിർമ്മിതിയും കാണാം. നിലനിൽക്കുന്നവയെക്കാൾ പ്രധാനം ഇവിടെ അദൃശ്യമായതാണ്. തൊഴിലാളികൾ അദൃശ്യരാണെങ്കിലും അവരുടെ അധ്വാനം മായാതെ നിൽക്കുന്നു. ഉത്തർപ്രദേശിലെ മിർസാപൂരിലെ ഇഷ്ടിക ചൂളകളിൽ ജോലി ചെയ്യുന്ന കുടിയേറ്റ തൊഴിലാളികളുടെ ജീവിതത്തിലാണ് യാദവിന്റെ ഈ സൃഷ്ടി വേരൂന്നിയിരിക്കുന്നത്. ഭൂരഹിതരും കടക്കെണിയിലായവരുമായ ഇവർ തലമുറകളായി ചൂഷണത്തിന് വിധേയരാകുകയാണ്.

ഈ തൊഴിലാളികളുടെ ജീവിതരീതികളെയും സ്വത്വത്തെയും ചൂഷണത്തിന്റെ വ്യവസ്ഥിതികൾ എങ്ങനെ മായ്ച്ചുകളയുന്നുവെന്നാണ് ഡൽഹി സ്വദേശിയായ ബീരേന്ദർ യാദവ് നിരീക്ഷിക്കുന്നത്.

പ്രതിഷ്ഠാപനത്തിൽ നിർമ്മിച്ചിരിക്കുന്ന ചൂള കാഴ്ചയ്ക്കുവേണ്ടിയോ വികാരപ്രകടനത്തിനായോ അല്ല, മറിച്ച് അതിജീവനത്തിന്റെ അടയാളമാണ്.

# സംസ്കൃത സർവ്വകലാശാലയിൽ ഇറാസ്മസ് മുണ്ടസ് ജോയിന്റ് എം.എ പ്രോഗ്രാം

**കൊച്ചി:** യൂറോപ്യൻ കമ്മീഷന്റെ ധനസഹായത്തോടെ നടത്തുന്ന അന്താരാഷ്ട്ര പഠന പരിപാടിയായ ഇറാസ്മസ് മുണ്ടസ് ജോയിന്റ് എം. എ പ്രോഗ്രാമിൽ ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല പങ്കാളിയാകുന്നതിന്റെ ഭാഗമായി നെതർലൻഡ്സിലെ യൂണിവേഴ്സിറ്റി ഓഫ് ഗ്രോണിൻഗെനിലെ സെന്റർ ഫോർ റീലീജിയൻ ആൻഡ് ഹെറിട്ടേജ് സ്റ്റഡീസ് ഡയറക്ടർ പ്രൊഫ. ടോഡ് എച്ച്. വിയർ സർവ്വകലാശാല സന്ദർശിച്ചു. വൈസ് ചാൻസലർ പ്രൊഫ. കെ. കെ. ഗീതാകുമാരി, സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. കെ. എസ് അരുൺകുമാർ, പ്രൊഫ. മാത്യൂസ് ടി. തെള്ളി, ഡോ. വി. ലിസി മാത്യു, രജിസ്ട്രാർ ഡോ. മോത്തി ജോർജ് എന്നിവരുമായി ചർച്ച നടത്തി. ഡോ. സൂസൻ തോമസ്, ഡോ. അഭിലാഷ് മലയിൽ, ഡോ. പി. ഉണ്ണികൃഷ്ണൻ, ഡോ. ടി. എസ് സാജു, ഡോ. രേഷ്മ ഭരദ്വാജ് എന്നിവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി. സർവ്വകലാശാലയിലെ അദ്ധ്യാപകരും വിദ്യാർത്ഥികളുമായി പ്രൊഫ. ടോഡ് എച്ച്. വിയർ സംവദിച്ചു.

യൂണിവേഴ്സിറ്റി ഓഫ് ഗ്രോണിൻഗെൻ, യൂറോപ്യൻ കമ്മീഷന് സമർപ്പിച്ച ജോയിന്റ് എം. എ പ്രോഗ്രാമിൽ ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയ്ക്കൊപ്പം പോളണ്ടിലെ ജാഗിയലോണിയൻ സർവ്വകലാശാല, നാഷണൽ ഓട്ടോണമസ് യൂണിവേഴ്സിറ്റി ഓഫ് മെക്സിക്കോ, ദി സൈപ്രസ് ഇൻസ്റ്റിറ്റ്യൂട്ട്, സ്പെയിനിലെ ഓട്ടോണമസ് യൂണിവേഴ്സിറ്റി ഓഫ് ബാഴ്സിലോണ എന്നിവരും പങ്കാളികളാണ്.

'റിലീജിയൻ ആൻഡ് ക്രിട്ടിക്കൽ ഹെറിട്ടേജ് സ്റ്റഡീസ് : ടുവാർഡ്സ് ആൻ എം. എ. ഇൻ റെസ്പോൺസിബിൾ ലീഡർഷിപ്പ്' എന്നതാണ് പ്രോഗ്രാമിന്റെ പേര്. നാല് സെമസ്റ്ററുകളിലായി നടത്തപ്പെടുന്ന ഈ ഇന്റർനാഷണൽ എം. എ. പ്രോഗ്രാമിൽ ആകെ 20 വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കും. യൂറോപ്യൻ കമ്മീഷന് കീഴിലുള്ള ഇറാസ്മസ് മുണ്ടസ് പ്രോഗ്രാമിലൂടെ നോഡൽ യൂണിവേഴ്സിറ്റിയിലെ യൂണിവേഴ്സിറ്റി ഓഫ് ഗ്രോണിൻഗെനാണ് ജോയിന്റ് എം. എ. പ്രോഗ്രാം നടത്തുന്നതിനാവശ്യമായ ധനസഹായം ലഭിക്കുക.

യൂണിവേഴ്സിറ്റി ഓഫ് ഗ്രോണിൻഗെൻ ഇറാസ്മസ് മുണ്ടസ് ജോയിന്റ് എം. എ. പ്രോഗ്രാമിനാവശ്യമായ ധനസഹായം പങ്കാളിത്ത സർവ്വകലാശാലകൾക്ക് നൽകും. ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ സെന്റർ ഫോർ സെക്കുലർ സ്റ്റഡീസാണ് ഈ എം. എ. പ്രോഗ്രാമിന് മേൽനോട്ടം വഹിക്കുക.

സർവ്വകലാശാല നൽകിയ വിശദമായ പദ്ധതി റിപ്പോർട്ട് നോഡൽ യൂണിവേഴ്സിറ്റിയായ യൂണിവേഴ്സിറ്റി ഓഫ് ഗ്രോണിൻഗെൻ അംഗീകരിച്ചിട്ടുണ്ട്.

2026 സെപ്തംബറിൽ യൂറോപ്യൻ കമ്മീഷനിൽ നിന്നും കോഴ്സിന്റെ ഒദ്യോഗിക അംഗീകാരം സംബന്ധിച്ച് പ്രഖ്യാപനമുണ്ടാകുമെന്ന് കുരുതുന്നു. അംഗീകാരം ലഭിച്ചാൽ, 2027 ജനുവരിയിൽ ഇറാസ്മസ് മുണ്ടസ് ജോയിന്റ് എം. എ. പ്രോഗ്രാം ആരംഭിക്കും. പ്രവേശന നടപടികൾ അന്താരാഷ്ട്ര തലത്തിലായിരിക്കും. ആദ്യ സെമസ്റ്റർ നെതർലാൻഡ്സിലെ യൂണിവേഴ്സിറ്റി ഓഫ് ഗ്രോണിൻഗെനിലായിരിക്കും.

2028 ജനുവരിയിൽ രണ്ടാം സെമസ്റ്ററിലായിരിക്കും ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെത്തി കുട്ടികൾ പഠിക്കുക. രണ്ട് ഭാഷകളിലായിരിക്കും പ്രോഗ്രാം സംഘടിപ്പിക്കുക സ്പാനിഷിലും ഇംഗ്ലീഷിലും. ഇംഗ്ലീഷ് സ്ട്രീമിലുള്ല 10 വിദ്യാർത്ഥികളാണ് ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെത്തുക. 15 കോഴ്സുകളെ കോർത്തിണക്കി ഇന്റർ ഡിസിപ്ലിനറിയായാണ് ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല വിശദമായ പദ്ധതി രേഖ സമർപ്പിച്ചിരിക്കുന്നത്. പ്രൊഫ. സി. എം. നീലകണ്ഠൻ, ഡോ. നരേഷ് കീർത്തി (അശോക യൂണിവേഴ്സിറ്റി), പ്രൊഫ. എം. എച്ച്. ഇല്യാസ് (എം. ജി. സർവ്വകലാശാല) എന്നിവരാണ് വിഷയ വിദഗ്ധർ.

## ഖാദി ക്രിസ്മസ് പുതുവത്സര മേളയ്ക്ക് തുടക്കമായി; 30% വരെ റിബേറ്റ്

**കൊച്ചി:** ജില്ലാതല ഖാദി ക്രിസ്മസ് പുതുവത്സര മേള കലൂർ ഖാദി ടവറിൽ ആരംഭിച്ചു. ഖാദി ബോർഡ് മെമ്പർ കെ. ചന്ദ്രശേഖരൻ ഉദ്ഘാടനം നിർവഹിച്ചു. ജനുവരി 2 വരെ നീണ്ടുനിൽക്കുന്ന മേളയിൽ വസ്ത്രങ്ങൾക്ക് 20% മുതൽ 30% വരെ സർക്കാർ റിബേറ്റ് ലഭ്യമാണ്. നവീന ഫാഷനിലുള്ള റെഡിമെയ്ഡ് ഷർട്ടുകൾ, സാരികൾ, ചുരിദാറുകൾ, ടോപ്പുകൾ, ജുബ്ബകൾ, മുണ്ടുകൾ എന്നിവയ്ക്കൊപ്പം തനത് ഗ്രാമവ്യവസായ ഉൽപ്പന്നങ്ങളും മേളയിൽ ലഭ്യമാണ്.

ജില്ലയിലെ കലൂർ, നോർത്ത് പറവൂർ, പെരുമ്പാവൂർ, കൂത്താട്ടുകുളം, മൂവാറ്റുപുഴ, പായിപ്ര, മലയിടംതുരുത്ത്, പഴന്തോട്ടം, മുക്കന്നൂർ, ശ്രീമൂലനഗരം എന്നിവിടങ്ങളിലെ ഖാദി ബോർഡ് അംഗീകൃത വിൽപനശാലകളിൽ നിന്നും ഈ ആനുകൂല്യങ്ങൾ ലഭ്യമാകും.

## ഇ.എസ്.ഐ. ആശുപത്രികളിൽ മെഡിക്കൽ ഓഫീസർ ഒഴിവ്

**കൊച്ചി:** ആലപ്പുഴ, എറണാകുളം, തൃശൂർ, ഇടുക്കി ജില്ലകളിലെ ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പിന് കീഴിലുള്ള ഇ.എസ്.ഐ. സ്ഥാപനങ്ങളിൽ മെഡിക്കൽ ഓഫീസർ (അലോപ്പതി) തസ്തികയിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. എം. ബി. ബി .എസ് ബിരുദവും ടി.സി. എം.സി രജിസ്ട്രേഷനുമാണ് യോഗ്യത.

താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ ഇമെയിൽ വിലാസവും ഫോൺ നമ്പറും അടങ്ങിയ ബയോഡാറ്റ

ismzims@kerala.gov.in എന്ന വിലാസത്തിലേക്ക് ഡിസംബർ 24ന് വൈകുന്നേരം 5 ന് മുൻപായി സമർപ്പിക്കേണ്ടതാണ്. ഫോൺ: 0484- 2391018.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ് 2026 ജനുവരി സെഷനിൽ ആരംഭിക്കുന്ന ഡിപ്ലോമ ഇൻ ലൈഫ് സ്കിൽസ് എഡ്യൂക്കേഷൻ പ്രോഗ്രാമിലേക്ക് ഓൺലൈനായി അപേക്ഷ ക്ഷണിച്ചു. ഒരു വർഷമാണ് കോഴ്സിന്റെ കാലാവധി. 18 വയസ് പൂർത്തിയായ പ്ലസ്ടു യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം.

ശനി, ഞായർ, പൊതുഅവധി ദിവസങ്ങളിലാകും കോണ്ടാക്ട് ക്ലാസുകൾ സംഘടിപ്പിക്കുക. താൽപര്യമുള്ളവർ https://apps.rccc.in/register എന്ന ലിങ്കിലൂടെ ആപ്ലിക്കേഷൻ ഓൺലൈനായി സമർപ്പിക്കണം. വിശദവിവരങ്ങൾ wws.rccc.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 31.

## റിസോഴ്സ് പേഴ്സൺ തസ്തികയിലേക്ക് അപേക്ഷിക്കാം

**തിരുവനന്തപുരം:** കേന്ദ്ര, സംസ്ഥാന സർക്കാരുകൾ ഭക്ഷ്യ സംസ്കരണ മേഖലയിൽ നടപ്പിലാക്കുന്ന പി.എം.എഫ്. എം.ഇ പദ്ധതി പ്രകാരം സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനായി ജില്ലാ റിസോഴ്സ് പേഴ്സൺ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

ഡിഗ്രി യോഗ്യതയുള്ള യുവതി യുവാക്കൾക്കും, സർക്കാർ സർവ്വീസ്, ബാങ്കുകൾ എന്നിവിടങ്ങളിൽ നിന്ന് വിരമിച്ചവർക്കും അപേക്ഷിക്കാം. വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷ, യോഗ്യത സർട്ടിഫിക്കറ്റുകൾ, വിശദമായ ബയോഡേറ്റ, തിരിച്ചറിയൽ രേഖ എന്നിവ സഹിതം ഡിസംബർ 27ന് മുമ്പ് തിരുവനന്തപുരം ജില്ലാ വ്യവസായ കേന്ദ്രത്തിൽ അപേക്ഷ സമർപ്പിക്കണം.

## രജിസ്ട്രേഷൻ ക്യാമ്പയിൻ 23ന്

**കാഞ്ഞങ്ങാട്:** കാസർകോട് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പ്രവർത്തിക്കുന്ന എംപ്ലോയബിലിറ്റി സെന്ററിന്റെ നേത്രത്വത്തിൽ സ്വകാര്യ മേഖലയിൽ തൊഴിൽ നേടാൻ അവസരമൊരുക്കി കാഞ്ഞങ്ങാട് മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ഹോസ്ദുർഗ്ഗ് ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഡിസംബർ 23ന് രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒന്ന് വരെ എംപ്ലോയബിലിറ്റി രജിസ്ട്രേഷൻ ക്യാമ്പ് സംഘടിപ്പിക്കുന്നു. ജോലി നേടാൻ ആവശ്യമായ ഇന്റർവ്യൂ ട്രെയിനിംഗ്, ഇംഗ്ലീഷ് ക്ലാസുകൾ, സോഫ്റ്റ് സ്കിൽ ട്രെയിനിംഗ് തുടങ്ങിയവ ഒറ്റത്തവണ രജിസ്ട്രേഷനിലൂടെ ആജീവനാന്തം സൗജന്യമായി എംപ്ലോയബിലിറ്റി സെന്റർ വഴി ലഭ്യമാണ്.

എല്ലാ ആഴ്ച്ചയും സ്വകാര്യസ്ഥാപനങ്ങളിലേക്കുള്ള ഇന്റർവ്യൂവും നടത്തപ്പെടുന്നു. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ രാവിലെ 10ന് സർട്ടിഫിക്കറ്റുകളുടെ പകർപ്പ്, ആധാർ കാർഡ് പകർപ്പുകൾ സഹിതം ഹോസ്ദുർഗ്ഗ് ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഹാജരാകണം. 300 രൂപ ഫീസ് അടച്ച് രജിസ്ട്രേഷൻ നടത്താം. രജിസ്ട്രേഷൻ ആജീവനാന്തം കാലാവധി ഉണ്ടാകും. പ്രായ പരിധി 1840, യോഗ്യത എസ്.എസ്.എൽ.സി മുതൽ. ഫോൺ : 9207155700.

## സീ കേരളം ഡ്രാമ ജൂനിയേഴ്സ് സീസൺ 2 ഓഡീഷനുകൾ പ്രഖ്യാപിച്ചു

**തിരുവനന്തപുരം:** വിനോദ ടെലിവിഷൻ ചാനലായ സീ കേരളം അവതരിപ്പിക്കുന്ന ഡ്രാമ ജൂനിയേഴ്സ് പരിപാടിയുടെ രണ്ടാം സീസണിലേക്കുള്ള ഓഡീഷനുകൾ പ്രഖ്യാപിച്ചു.ഡ്രാമ ജൂനിയേഴ്സ് സീസൺ 2ന്റെ ഓഡീഷനുകൾ ഡിസംബർജനുവരി മാസങ്ങളിൽ കേരളത്തിലെ വിവിധ കേന്ദ്രങ്ങളിലായി നടക്കും.ഡിസംബർ 21 കൊല്ലത്ത് പള്ളിമൺ സിദ്ധാർത്ഥ സെൻട്രൽ സ്കൂളിലും, കണ്ണൂരിൽ എളവയൂർ സി.എച്ച്.എം.എസ്.എസ് എന്നിവിടങ്ങളിലും ഓഡീഷൻ നടക്കും. ഡിസംബർ 27 ന് ഇടുക്കിയിൽ, തൊടുപുഴ സെന്റ് മേരീസ് യു.പി. സ്കൂളിലായിരിക്കും ഒഡിഷൻ. അതേ ദിവസം തന്നെ വയനാട്ടിലും ഓഡീഷൻ നടക്കും. കോഴിക്കോടുള്ള ഓഡീഷൻ ഡിസംബർ 28ന് ടി ഐ.എസ്.എസ് എഡ്യൂക്കേഷണൽ ഫൗണ്ടേഷനിൽ നടക്കും. കോട്ടയത്തും അന്ന് തന്നെ ഓഡീഷൻ സംഘടിപ്പിക്കും. പത്തനംതിട്ടയിലെ ഓഡീഷൻ ഡിസംബർ 29ന് കാത്തോലിക്കേറ്റ് സ്കൂളിൽ നടക്കും. ആലപ്പുഴയിലെ ഓഡീഷൻ 2026 ജനുവരി 2 നാണ് നടക്കുക. പാലക്കാട് ഓഡീഷൻ ജനുവരി 3ന് ട്രൂലൈൻ പബ്ലിക് സ്കൂളിലും സംഘടിപ്പിക്കും. മലപ്പുറത്തും അതേ ദിവസം തന്നെ ഓഡീഷൻ നടക്കും. ജനുവരി 4ന് തൃശ്ശൂരിൽ കുന്നംകുളം ബദനി സെന്റ് ജോൺസ് സ്കൂളിലും, എറണാകുളത്ത് തൃക്കാക്കര മേരിമാത സ്കൂളിലും ഓഡീഷൻ നടക്കും.

## ഗൊയ്ഥെ സെൻട്രം നടത്തുന്ന ജർമ്മൻ എ വൺ ലെവൽ കോഴ്സിന് അപേക്ഷിക്കാം

**കൊച്ചി:** ജർമ്മൻ സാംസ്കാരിക കേന്ദ്രമായ ഗൊയ്ഥെ സെൻട്രം നടത്തുന്ന എ വൺ ലെവൽ ജർമ്മൻ ഭാഷാ കോഴ്സ് 2026 ജനുവരി 5 ന് ആരംഭിക്കും. തിരുവനന്തപുരം, കൊച്ചി കേന്ദ്രങ്ങളിലായി നടക്കുന്ന കോഴ്സിൽ ഓൺലൈനായും ഓഫ് ലൈനായും പങ്കെടുക്കാം. കോഴ്സിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ https:/t/rivandrum.german.in/ എന്ന വെബ്സൈറ്റ് സന്ദർശിച്ച് പേരുകൾ രജിസ്റ്റർ ചെയ്യാം. 2026 ഫെബ്രുവരി 17 ന് കോഴ്സ് സമാപിക്കും. ഗൊയ്ഥെസർട്ടിഫിക്കറ്റ് കോഴ്സുകളും പരീക്ഷകളും ഗൊയ്ഥെഇൻസ്റ്റിറ്റ്യൂട്ട്/മാക്സ് മുള്ളർ ഭവന്റെ മേൽനോട്ടത്തിലാണ് നടത്തുന്നത്.




## ക്രിസ്മസിന് സ്വർണ സമ്മാന ഓഫറുമായി ഫ്രെയർ എനർജി

**കൊച്ചി:** മുൻനിര റൂഫ്ടോപ്പ് സോളാർ എനർജി കമ്പനികളിലൊന്നായ ഫ്രെയർ എനർജി കേരളത്തിൽ തങ്ങളുടെ ക്രിസ്മസ് ആഘോഷ സംരംഭങ്ങളുടെ ഭാഗമായി, ആദ്യമായി സോളാറിലേക്ക് മാറുന്നവർക്ക് ഇൻസ്റ്റലേഷനോടൊപ്പം ഒരു ഗ്രാം സ്വർണ്ണം സമ്മാനം പ്രഖ്യാപിച്ചു. 2026 ജനുവരി 1 വരെ കേരളത്തിലുടനീളം ഓഫർ ലഭ്യമാണ്.

കേരളത്തിലെ കൂടുതൽ ഭവനങ്ങളെ ശുദ്ധവും സുസ്ഥിരവുമായ ഊർജ്ജ പരിഹാരങ്ങൾ സ്വീകരിക്കാൻ പ്രോത്സാഹിപ്പിക്കുന്നതിനോടൊപ്പം ഉറപ്പായ സ്വർണ്ണ പാരിതോഷികത്തിലൂടെ ഉത്സവ ആഹ്ലാദം പകരുക എന്നതാണ് ഈ സംരംഭത്തിന്റെ ലക്ഷ്യം.

## ഋഷഭ് ഗാർഗ് ഫണ്ട്സ്ഇന്ത്യ റീട്ടെയിൽ ബിസിനസ് സിഇഒ

**ബെംഗളൂരു:** പ്രമുഖ ഡിജിറ്റൽ ഇൻവെസ്റ്റ്മെന്റ് പ്ലാറ്റ്ഫോമായ ഫണ്ട്സ്ഇന്ത്യ, തങ്ങളുടെ റീട്ടെയിൽ ബിസിനസ് വിഭാഗത്തിന്റെ സിഇഒ ആയി ഋഷഭ് ഗാർഗിനെ നിയമിച്ചു. കമ്പനിയുടെ ഡിജിറ്റൽ ബിസിനസ് തന്ത്രങ്ങൾ, ഉൽപ്പന്ന നവീകരണം, ഉപഭോക്തൃ അനുഭവം എന്നിവ മെച്ചപ്പെടുത്തുക, റീട്ടെയിൽ ഇൻവെസ്റ്റിംഗ് മേഖലയിൽ വളർച്ച കൈവരിക്കുക എന്നിവ ലക്ഷ്യമിട്ടാണ് ഈ നിയമനം. ഐഐടി ഡൽഹി, ഐഎസ്ബി എന്നിവിടങ്ങളിലെ പൂർവ്വ വിദ്യാർത്ഥിയായ ഋഷഭ്, ഇതിനുമുമ്പ് പോളിസിബസാറിൽ ടേം ഇൻഷുറൻസ് വിഭാഗം മേധാവിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ഫണ്ട്സ്ഇന്ത്യയുടെ പുതിയ നേതൃഘടന പ്രകാരം, ഡിജിറ്റൽ ബിസിനസ് വിഭാഗത്തെ ഋഷഭ് ഗാർഗും, ബി2ബി വിഭാഗത്തെ മനീഷ് ഗാധിയും, പ്രൈവറ്റ് വെൽത്ത് വിഭാഗത്തെ ശ്രീനിവാസ് മെന്ദുവും നയിക്കും.

## മെൽബൺ സൂപ്പർ ലീഗ് ക്രിക്കറ്റ്: ഗ്രൂപ്പ് മൽസരങ്ങൾ പൂർത്തിയായി



ഓസ്ട്രേലിയയിലെ മെൽബണിൽ നടക്കുന്ന മെൽബൺ സൂപ്പർ ലീഗ് (എം.എസ്.എൽ) ടി20 ക്രിക്കറ്റ് ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്ന എറണാകുളം സ്വദേശിയും ഡബ്ല്യൂബിസി മിഡിൽവെയ്റ്റ് ബോക്സിംഗ് ചാംപ്യനും ഡബ്ല്യുബിസി കെയർ അംബാസിഡറുമായ കെ. എസ് വിനോദ്, ഓസ്ട്രേലിയയിലെ പ്രമുഖ ബിസിനസ് ഗ്രൂപ്പായ ആർപിജി ഗ്രൂപ്പ് ചെയർമാൻ റായ് പിള്ള എന്നിവരുടെ നേതൃത്വത്തിലുള്ള സിഡ്നി ടൈറ്റിൽക്ലബ്ബ് ടീം

**കൊച്ചി:** കേരളത്തിൽ നിന്നുൾപ്പെയുള്ള ടീമുകൾ പങ്കെടുത്തുകൊണ്ട് ഓസ്ട്രേലിയയിലെ മെൽബണിൽ നടക്കുന്ന മെൽബൺ സൂപ്പർ ലീഗ് (എം.എസ്.എൽ) ടി20 ക്രിക്കറ്റ് ചാമ്പ്യൻഷിപ്പിന്റെ ഗ്രൂപ്പ് മൽസരങ്ങൾ പൂർത്തിയായതായി ടൂർണ്ണമെന്റിലെ പ്രധാന ഫ്രഞ്ചൈസികളിലൊന്നായ സിഡ്നി ടൈറ്റിൽ ക്ലബ്ബ് ഉടമസ്ഥരായ ഡബ്ല്യുബിസി മിഡിൽവെയ്റ്റ് ബോക്സിംഗ് ചാംപ്യനും ഡബ്ല്യുബിസി കെയർ അംബാസിഡറുമായ കെ. എസ് വിനോദ്, ഓസ്ട്രേലിയയിലെ പ്രമുഖ ബിസിനസ് ഗ്രൂപ്പായ ആർപിജി ഗ്രൂപ്പ് ചെയർമാൻ റായ് പിള്ള എന്നിവർ പറഞ്ഞു.

മെൽബണിലെ ബൺസൈഡ് ഹൈറ്റ് റിക്രിയേഷൻ റിസർവ്വ്, വില്ല്യംസ് ലാന്റിംഗ് റിസർവ് ഉൾപ്പെടെയുള്ള ഗ്രൗണ്ടുകളിൽ നടക്കുന്ന ചാമ്പ്യൻഷിപ്പിൽ സിഡ്നി ടൈറ്റിൽ ക്ലബ്ബ്, കേരള ടൈഗേഴ്സ്, മെൽബൺ ടസ്ക്കേഴ്സ്, സഹാറ ചാർജ്ജേഴ്സ്, ബ്രിംബാങ്ക് ലയൺസ്, ഔസീ കിംഗ്സ്, ഔസോൺ മെൽബൺ യുണൈറ്റഡ്, മെൽബൺ ബുൾസ്, മെൽബൺ കോബ്രാസ് ഉൾപ്പെടെയുള്ള 12 പ്രമുഖ ടീമുകളാണ് കിരീടത്തിനായി പോരാടുന്നത്. ഇന്ത്യയിലെയും കേരളത്തിലെയും ക്രിക്കറ്റിനെയും സ്പോർട്സിനെയും സ്നേഹിക്കുന്ന യുവതലമുറയ്ക്ക് ഏറെ പ്രതീക്ഷ നൽകുന്നതാണ് ഈ ക്രിക്കറ്റ് ചാമ്പ്യൻഷിപ്പെന്ന് കെ. എസ് വിനോദ്, റായ് പിള്ള എന്നിവർ പറഞ്ഞു.

ഇന്ത്യയിലെയും കേരളത്തിലെയും വളർന്നു വരുന്ന യുവതാരങ്ങൾക്ക് ഓസ്ട്രേലിയിൽ എത്തി ഇത്തരത്തിലുള്ള ലീഗ് മൽസരങ്ങൾ കളിക്കുന്നതിലൂടെയുണ്ടാകുന്ന അനുഭവ പരിചയം അവരുടെ കായിക ഭാവിയ്ക്ക് വളരെയേറെ ഗുണം ചെയ്യുമെന്നാണ് തങ്ങളുടെ പ്രതീക്ഷ. ഓസ്ട്രേലിയയിലെ മികച്ച കായിക പ്രതിഭകൾക്ക് ഇന്ത്യയുമായും സഹകരിക്കാൻ അവസരം ഒരുങ്ങും. ഇത്തരത്തിൽ എല്ലാ വിധത്തിലുള്ള കായിക വിനോദങ്ങളും പരമാവധി പ്രോൽസാഹിപ്പിച്ച് ഇന്ത്യയിൽ മികച്ച കായിക സംസ്കാരം വളർത്തിയെടുക്കുകയെന്നതാണ് പ്രധാന ലക്ഷ്യമെന്നും ഇവർ പറഞ്ഞു.

## ലയണൽ മെസിയുമായി കൂടിക്കാഴ്ച നടത്തി ലോകചാമ്പ്യന്മാർ

**കൊച്ചി:** ഫുഡ്ബോൾ ഇതിഹാസം ലയണൽ മെസിയും ലോകചാമ്പ്യന്മാരുമായി കൂടിക്കാഴ്ചയൊരുക്കി ബഹുരാഷ്ട്ര കായികഉൽപന്ന നിർമ്മാതാക്കളായ അഡിഡാസ്. ഡൽഹിയിലെ പുരാനാ കിലയിൽ നടന്ന കൂടിക്കാഴ്ചയിൽ സുമിത് ആന്റിൽ (ലോക പാരാ അത്ലറ്റിക്സ് ചാമ്പ്യൻ ജാവലിൻ), നിഷാദ് കുമാർ (ലോക പാരാ അത്ലറ്റിക്സ് ചാമ്പ്യൻ ഹൈജമ്പ്), നിഖാത് സറീൻ (വനിതാ ലോക ബോക്സിംഗ് ചാമ്പ്യൻ), രേണുക താക്കൂർ (വനിതാ ടി20 ലോകകപ്പ് ജേതാവായ ടീമിലെ അംഗം), കുൽദീപ് യാദവ് ( ടി20 ലോകകപ്പ് ജേതാവായ ടീമിലെ അംഗം) എന്നിവർ മെസിയുമായി ആശയവിനിമയം നടത്തി.



## ക്രിസ്മസ്, പുതുവത്സര ഓഫറുകളുമായി കല്യാൺ ജൂവലേഴ്സ്

**കൊച്ചി:** കല്യാൺ ജൂവലേഴ്സ് ക്രിസ്മസ്പുതുവത്സര ആഘോഷങ്ങളുടെ ഭാഗമായി ആഭരണങ്ങളുടെ പണിക്കൂലിയിൽ ഇളവുകൾ പ്രഖ്യാപിച്ചു. വൈവിധ്യമാർന്ന സ്വർണ, സ്റ്റഡഡ് ആഭരണങ്ങൾക്ക് ഈ ഉത്സവകാലത്ത് കല്യാൺ ജൂവലേഴ്സ് ശ്രദ്ധേയമായ ഇളവുകളാണ് നൽകുന്നത്. സ്വർണാഭരണങ്ങളുടെ പണിക്കൂലിയിൽ ഗ്രാമിന് 750 രൂപ ഇളവ് ലഭിക്കും. സവിശേഷമായ രീതിയിൽ രൂപകൽപ്പന ചെയ്ത ടെമ്പിൾ, ആൻറിക് ആഭരണ ശേഖരങ്ങളുടെ പണിക്കൂലിയിൽ ഗ്രാമിന് ആയിരം രൂപ ഇളവാണ് നൽകുന്നത്. ഇതുകൂടാതെ പ്രീമിയം, സ്റ്റഡഡ് ആഭരണങ്ങളുടെ പണിക്കൂലിയിൽ ഗ്രാമിന് 1500 രൂപ ഇളവും കല്യാൺ പ്രഖ്യാപിച്ചു. സമ്മാനങ്ങൾ നൽകുകയും പുതിയ തുടക്കങ്ങൾ കുറിക്കുകയും ചെയ്യുന്ന ഈ ആഘോഷനാളുകളിൽ കാലാതീതമായ ആഭരണങ്ങൾ സ്വന്തമാക്കുന്നവർക്കായി പരമാവധി മൂല്യം ലഭ്യമാക്കുന്നതിനായാണ് ഈ ഓഫറുകൾ കല്യാൺ ജൂവലേഴ്സ് അവതരിപ്പിക്കുന്നതെന്നും ക്രിസ്മസിന്റെയും പുതുവത്സരത്തിന്റെയും അവസരം സന്തോഷത്തിന്റെയും സമ്മാനങ്ങളുടെയും കാലമാണെന്ന് കല്യാൺ ജൂവലേഴ്സ് മാനേജിംഗ് ഡയറക്ടർ ടി.എസ്. കല്യാണരാമൻ പറഞ്ഞു. ലോകോത്തര ആഭരണശേഖരം ലഭ്യമാക്കുന്നതിനൊപ്പം സന്തോഷത്തിന്റെ ഈ അനുഭവം കൂടുതലായി ഉപയോക്താക്കൾക്കായി അനുഭവവേദ്യമാക്കുന്നതിനാണ് ഈ ഓഫറുകളിലൂടെ പരിശ്രമിക്കുന്നത്. ഇന്ത്യ മുഴുവൻ ലഭ്യമാകുന്ന ഓഫറിലൂടെ ഉപയോക്താക്കൾക്ക് ഏറ്റവും മികച്ച മൂല്യം ലഭ്യമാക്കുകയും തിളക്കമാർന്ന ആഘോഷം ഉറപ്പാക്കുകയുമാണെന്നും അദ്ദേഹം പറഞ്ഞു. ഗുണനിലവാരം, സുതാര്യത, വിശ്വാസം എന്നിവയുടെ അടിത്തറയിൽ കെട്ടിപ്പടുത്ത പാരമ്പര്യത്തോടെ, കല്യാൺ ജൂവലേഴ്സ് ഇന്ത്യയിലെ ആഭരണ ഷോപ്പിംഗ് അനുഭവത്തെ പുനർനിർവചിക്കുന്നത് തുടരുകയാണ്. കല്യാൺ ജൂവലേഴ്സിൽ നിന്ന് ആഭരണങ്ങൾ വാങ്ങുമ്പോൾ ശുദ്ധത ഉറപ്പ് നൽകുന്നതും വിശദമായ ഉത്പന്ന വിവരങ്ങളും കൈമാറ്റത്തിനും തിരികെ വാങ്ങുന്നതിനുമുള്ള സുതാര്യമായ നയങ്ങൾ ഉൾക്കൊള്ളുന്നതുമായ നാലുതല അഷ്വറൻസ് സാക്ഷ്യപത്രവും ലഭിക്കുമെന്നും അദ്ദേഹം പറഞ്ഞു.



## ബിനാലെ 'കട ' തുറന്നു

**കൊച്ചി:** കൊച്ചി മുസിരിസ് ബിനാലെ ആറാം ലക്കത്തിന്റെ വേദിയായ ആസ്പിൻവാൾ ഹൗസിൽ 'ബിനാലെ കട' ചലച്ചിത്രതാരം റിമ കല്ലിങ്കൽ ഉദ്ഘാടനം ചെയ്തു. കലാകാരന്മാരെയും കലാസ്വാദകരെയും ഒരുപോലെ തൃപ്തിപ്പെടുത്തുന്നതാണ് ബിനാലെ പ്രദർശനങ്ങളെന്ന് അവർ അഭിപ്രായപ്പെട്ടു. ജീവിതത്തെ മറ്റൊരു വീക്ഷണ കോണിൽ നോക്കിക്കാണാൻ ബിനാലെ നമ്മെ പ്രേരിപ്പിക്കുന്നു. ഇത് മൂന്നാമത്തെ ബിനാലെ സന്ദർശനമാണെന്ന് പറഞ്ഞ റിമ, ബിനാലെ നടക്കാതിരുന്ന വർഷങ്ങളിൽ അതിന്റെ കുറവ് ശരിക്കും അനുഭവപ്പെട്ടിരുന്നുവെന്ന് കുട്ടിച്ചേർത്തു. ഫോർട്ട് കൊച്ചിയിൽ താമസിച്ച് ഓരോ കലാസൃഷ്ടിക്കും വേദിക്കും കലാകാരനുമൊപ്പം സമയം ചെലവഴിക്കാനാണ് ആഗ്രഹിക്കുന്നതെന്നും അവർ പറഞ്ഞു.കൊച്ചി മുസിരിസ് ബിനാലെ പ്രസിഡൻറ് ബോസ് കൃഷ്ണമാചാരി, കൊച്ചി ബിനാലെ ഫൗണ്ടേഷൻ സിഇഒ തോമസ് വർഗീസ് തുടങ്ങിയവരും സംബന്ധിച്ചു.

# ഓഗസ്റ്റ് റയ്മണ്ട് ഇന്ത്യൻ വിപണിയിലെത്തുന്നു

**കൊച്ചി:** സ്വതന്ത്ര സ്വിസ് പൈതൃക വാച്ച് നിർമ്മാതാക്കളായ ഓഗസ്റ്റ് റയ്മണ്ടിന്റെ ഇന്ത്യൻ വിപണിയിലെ അരങ്ങേറ്റവും പങ്കാളിത്തവും ടൈറ്റൻ കമ്പനി ലിമിറ്റഡ് ഹീലിയോസ് ലക്സ് ബ്രാൻഡ് പ്രഖ്യാപിച്ചു.

ഹീലിയോസ് ലക്സുമായുള്ള എക്സ്ക്ലൂസിവ് സഹകരണത്തോടെ ഇന്ത്യയിലേക്ക് ആദ്യമായി എത്തുന്ന ഓഗസ്റ്റ് റയ്മണ്ട്, 127 വർഷത്തെ വാച്ച് നിർമ്മാണ പാരമ്പര്യത്തിൽ നിന്നും ആർജ്ജിച്ച മികവോടെ കൈകൊണ്ട് നിർമ്മിച്ചതും അസംബിൾ ചെയ്തതും വ്യക്തിഗതമായി നമ്പർ ചെയ്തതുമായ വാച്ചുകളാണ് വിപണിയിൽ എത്തിക്കുന്നത്. ഇന്ത്യയിലെത്തുന്ന മോഡലുകളിൽ മുഖ്യ ആകർഷണം ഹീറോ മോഡൽ ഒറിജിൻ ലൂണാർ വാച്ചാണ്. ഇതിന് ചന്ദ്രോപരിതലം പോലുള്ള സങ്കീർണ്ണമായ കൊത്തുപണികളും അതിമനോഹരമായ, തിളക്കം നൽകുന്ന സൂപ്പർലുമിനോവ ബെസലും ഉണ്ട്.



ഈ വാച്ചുകൾക്ക് ശക്തി പകരുന്നത് ഹാൻഡ്‌വൗണ്ട് യൂണിറ്റാസ് കാലിബർ ആണ്. ഒറിജിൻ, യൂണിറ്റി, ഹെറിറ്റേജ് 1898, മാഗലൻ എന്നീ നാല് കളക്ഷനുകളിലായി 23 വാച്ചുകളാണ് ഇന്ത്യയിൽ അവതരിപ്പിക്കുന്നത്. കോർ റേഞ്ചിലുള്ള 21 വാച്ചുകൾക്ക് 1.3 ലക്ഷം മുതൽ 2.5 ലക്ഷം രൂപ വരെയാണ് വില.

ഒറിജിൻ ശേഖരത്തിലെ രണ്ട് സ്റ്റേറ്റ്മെന്റ് വാച്ചുകൾക്ക് 4.5 ലക്ഷവും 7.5 ലക്ഷവുമാണ് വില. എല്ലാ വാച്ചുകളും കൈകൊണ്ട് നിർമ്മിച്ചതും അസംബിൾ ചെയ്തതും വ്യക്തിഗതമായി നമ്പർ ചെയ്തതും പരിമിത എണ്ണം മാത്രം നിർമ്മിക്കുന്നതുമാണ്. ഇന്ത്യയിൽ ഹീലിയോസ് ലക്സ് വഴി മാത്രമായിരിക്കും ഇവ ലഭിക്കുക. ഓഗസ്റ്റ് റയ്മണ്ടിനെ ഹീലിയോസ് ലക്സിലൂടെ ഇന്ത്യയിൽ എക്സ്ക്ലൂസീവായി അവതരിപ്പിക്കുന്നതിൽ അതിയായ സന്തോഷമുണ്ടെന്ന് ടൈറ്റൻ കമ്പനി ലിമിറ്റഡ് വാച്ചസ് ഡിവിഷൻ വൈസ് പ്രസിഡന്റും ചീഫ് സെയിൽസ് ആന്റ് മാർക്കറ്റിംഗ് ഓഫീസറുമായ രാഹുൽ ശുക്ല പറഞ്ഞു. ഹീലിയോസ് ലക്സുമായുള്ള പങ്കാളിത്തത്തിൽ തങ്ങൾ അഭിമാനിക്കുന്നുവെന്ന് ഓഗസ്റ്റ് റയ്മണ്ട് ചീഫ് ഇൻഫർമേഷൻ ഓഫീസറും ഡെപ്യൂട്ടി സിഇഒയുമായ സുന്ദർ ക്ലിംഗെൻബർഗ് പറഞ്ഞു.

# ഇന്ത്യയിലെ 50 ലക്ഷം യുവാക്കൾക്ക് ഐബിഎം പരിശീലനം നൽകും

**കൊച്ചി:** ഐബിഎം 2030ഓടെ ഇന്ത്യയിലുടനീളം 50 ലക്ഷം വിദ്യാർത്ഥികളെയും യുവജനങ്ങളെയും കൃത്രിമ ബുദ്ധി (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്), സൈബർസുരക്ഷ (സൈബർ സെക്യൂരിറ്റി), ക്വാണ്ടം കമ്പ്യൂട്ടിംഗ് തുടങ്ങിയ മുന്നേറ്റ സാങ്കേതികവിദ്യകളിൽ പരിശീലിപ്പിക്കുമെന്ന് പ്രഖ്യാപിച്ചു. ഐബിഎം സ്കിൽസ് ബിൽഡ് വഴി നടപ്പാക്കുന്ന ഈ സംരംഭം, ഭാവിക്ക് തയ്യാറായ സമവായപരമായ തൊഴിലാളി സമൂഹം രൂപപ്പെടുത്തുന്നതിനും, ഉയർന്ന ഡിജിറ്റൽ കഴിവുകളിലേക്കും തൊഴിൽസാദ്ധ്യതകളിലേക്കും പ്രവേശനം വ്യാപിപ്പിക്കുന്നതുമായ ഐബിഎം ദൗത്യത്തിന്റെ ഭാഗമാണ്.

ഈ പദ്ധതിയുടെ ഭാഗമായി, സ്കൂളുകൾ, സർവകലാശാലകൾ, വൊക്കേഷണൽ വിദ്യാഭ്യാസവും സ്കില്ലിംഗ് ഇക്കോസിസ്റ്റങ്ങളും ഉൾപ്പെടെ രാജ്യത്തുടനീളം എഐയും മറ്റ് ഉയർന്നുവരുന്ന സാങ്കേതികവിദ്യകളുമായുള്ള വിദ്യാഭ്യാസം ഐബിഎം വിപുലീകരിക്കും. ഓൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യുക്കേഷൻ (എഐസിടിഇ) പോലുള്ള സ്ഥാപനങ്ങളുമായി സഹകരിച്ചാണ് പദ്ധതി നടപ്പിലാക്കുക. 50 ലക്ഷം പേരെ പരിശീലിപ്പിക്കാനുള്ള തങ്ങളുടെ പ്രതിജ്ഞ ഭാവിയിലേക്കുള്ള നിക്ഷേപമാണെന്നും ഉയർന്ന തലത്തിലുള്ള കഴിവുകളിലേക്കുള്ള പ്രവേശനം ജനാധിപത്യവൽക്കരിക്കുന്നതിലൂടെ, ഇന്ത്യയുടെ യുവാക്കളെ സൃഷ്ടിക്കാനും നവീകരിക്കാനും രാജ്യത്തിന്റെ വളർച്ച വേഗത്തിലാക്കാനും സഹായിക്കുമെന്നും ഐബിഎം ചെയർമാനും പ്രസിഡന്റും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായ അർവിന്ദ് കൃഷ്ണ പറഞ്ഞു. സ്കൂൾ തലത്തിൽ തന്നെ തയ്യാറെടുപ്പ് ശക്തിപ്പെടുത്തുന്നതിനായി, സീനിയർ സെക്കൻഡറി വിദ്യാർത്ഥികൾക്കായി എഐ പാഠ്യപദ്ധതി ഐബിഎം വികസിപ്പിക്കുന്നുണ്ട്. ഇതിനൊപ്പം എഐ പ്രൊജക്റ്റ് കുക്ക്ബുക്ക്, ടീച്ചർ ഹാൻഡ് ബുക്ക് വിശദീകരണ മോഡ്യൂളുകൾ തുടങ്ങിയ അധ്യാപന വിഭവങ്ങളും ലഭ്യമാക്കുന്നു.

ഈ സമഗ്ര സംരംഭത്തിന്റെ കേന്ദ്രം ഐബിഎം സ്കിൽസ് ബിൽഡ് എന്ന ലോകത്തിലെ ഏറ്റവും എളുപ്പത്തിൽ ലഭ്യമായ ടെക്നോളജി പഠന ഇക്കോസിസ്റ്റങ്ങളിലൊന്നാണ്. എഐ, സൈബർസുരക്ഷ, ക്വാണ്ടം, ക്ലൗഡ്, ഡാറ്റ, സുസ്ഥിരത, വർക്ക്പ്ലേസ് റെഡിനസ് എന്നിവ ഉൾപ്പെടെ 1,000ത്തിലധികം കോഴ്സുകൾ സ്കിൽസ് ബിൽഡ് നൽകുന്നു.

# റുപേ എസ്ഐബി പേ ടാഗ് സ്റ്റിക്കർ അവതരിപ്പിച്ച് സൗത്ത് ഇന്ത്യൻ ബാങ്ക്

**കൊച്ചി:** ചെറുകിട പണമിടപാടുകൾ നടത്തുന്നതിന് 'റുപേ എസ്ഐബി പേ ടാഗ്' സൗകര്യം അവതരിപ്പിച്ച് സൗത്ത് ഇന്ത്യൻ ബാങ്ക്. മൊബൈൽ ഫോൺ, വാലറ്റ്, കാർഡ് ഹോൾഡർ എന്നിവയിൽ പതിപ്പിക്കാവുന്ന സ്റ്റിക്കർ രൂപത്തിലാണ് എസ്ഐബി പേ ടാഗ് പുറത്തിറക്കിയത്. എൻഎഫ്സി (നിയർ ഫീൽഡ് കമ്മ്യൂണിക്കേഷൻ) സാങ്കേതികവിദ്യയുടെ സഹായത്തോടെയാണ് ടാഗ് പ്രവർത്തിക്കുന്നത്. 5000 രൂപ വരെയുള്ള പർച്ചേസുകൾ പിൻ നമ്പറിന്റെ സഹായമില്ലാതെ പൂർത്തിയാക്കാമെന്നതാണ് പ്രത്യേകത. വ്യാപാരസ്ഥാപനങ്ങളിലും പെട്രോൾ പമ്പുകളിലും സ്ഥാപിച്ചിട്ടുള്ള പിഒഎസ് (പോയിന്റ് ഓഫ് സെയിൽ) മെഷിനുകളിൽ ടാപ് ചെയ്ത് ഇടപാട് പൂർത്തിയാക്കാം. 5000രൂപയ്ക്ക് മുകളിലുള്ള പേയ്മെന്റുകൾക്ക് പിൻ നമ്പർ ആവശ്യമാണ്. ഓൺലൈൻ പർച്ചേസുകൾ നടത്തുന്ന സമയത്ത് ആവശ്യമായ കാർഡ് നമ്പർ, സിവിവി നമ്പർ, എക്സ്പയറി ഡേറ്റ് എന്നിവ ബാങ്കിന്റെ SIB Mirror+ ആപ്ലിക്കേഷൻ മുഖേന ലഭിക്കും.

റുപേ എസ്.ഐ.ബി പേ ടാഗ് സ്റ്റിക്കർ ഉപയോഗിച്ച് ദിവസം ഒരു ലക്ഷം രൂപവരെയുള്ള ഇടപാടുകൾ നടത്താം. ഇടപാട് തുകയുടെ പരിധി നിശ്ചയിക്കാനും നിയന്ത്രിക്കാനും SIB Mirror+ ആപ്ലിക്കേഷനിലൂടെ സാധ്യമാണ്. സുരക്ഷ, വേഗത, അനുയോജ്യത എന്നിവ മുൻനിർത്തി ഡിജിറ്റൽ ഇടപാടുകൾ നടത്താൻ ഉപഭോക്താക്കളെ സഹായിക്കുന്ന, ലളിതവും കരുത്തുറ്റതുമായ ബാങ്കിങ് ഉൽപന്നമാണ് റുപേ എസ്.ഐ.ബി പേ ടാഗ് സ്റ്റിക്കറെന്ന് സൗത്ത് ഇന്ത്യൻ ബാങ്ക് സീനിയർ ജനറൽ മാനേജരും ചീഫ് ഇൻഫർമേഷൻ ഓഫീസറുമായ സോണി എ പറഞ്ഞു. ബാങ്കിന്റെ ഉപഭോക്താക്കൾക്ക് ബ്രാഞ്ചുകളിലൂടെയും SIB Mirror+, SIBerNet (ഇന്റർനെറ്റ് ബാങ്കിങ് ) ആപ്ലിക്കേഷൻ മുഖേനയും എസ് ഐ ബി പേ ടാഗ് സ്റ്റിക്കറിന് അപേക്ഷിക്കാം. ഇത്തരത്തിൽ ലഭ്യമാകുന്ന സ്റ്റിക്കർ SIB Mirror+, SIBerNet (ഇന്റർനെറ്റ് ബാങ്കിങ്) വഴി സുരക്ഷിത പിൻ കോഡിന്റെ സഹായത്തോടെ പ്രവർത്തനസജ്ജമാക്കാമെന്നും സൗത്ത് ഇന്ത്യൻ ബാങ്ക് അറിയിച്ചു.

## ഇന്ത്യൻ മൈലോമ കോൺഗ്രസ് 2026 കൊച്ചിയിൽ

**കൊച്ചി:** പ്രമുഖ മൈലോമ വിദഗ്ധരെ പങ്കെടുപ്പിച്ചു കൊണ്ട് കൊച്ചിയിൽ നടക്കുന്ന ഇന്ത്യൻ മൈലോമ കോൺഗ്രസ്സിന് അമൃത ആശുപത്രി വേദിയാകും. മൈലോമ ചികിത്സയിലും ഗവേഷണത്തിലും ആഗോള തലത്തിൽ നടക്കുന്ന മാറ്റങ്ങളെ ഒന്നിച്ചുകൂട്ടുന്ന ഹെമറ്റോളജി സമ്മേളനങ്ങളിൽ ഒന്നായ ഇന്ത്യൻ മൈലോമ കോൺഗ്രസ് 2026 ജനുവരി 9 മുതൽ 11 വരെ ആണ് നടക്കുന്നത്. 15 അന്താരാഷ്ട്ര ഫാക്കൽറ്റികളും രാജ്യത്തെ പ്രമുഖ മൈലോമ വിദഗ്ധരുമായിരിക്കും കോൺഗ്രസിൽ പങ്കെടുക്കുക. ഡോക്ടർമാർ, ഗവേഷകർ, ഫെല്ലോകൾ, നഴ്സുമാർ, ഹെമറ്റോളജി ടീമുകൾ എന്നിവർക്കായി അറിവ് പങ്കിടുന്ന വേദിയാകും ഇത്. ഡയഗ്നോസിസ്, റിസ്ക് സ്ട്രാറ്റിഫിക്കേഷൻ, നവീന ചികിത്സാമാർഗങ്ങൾ, ഇമ്യൂണോ തെറാപ്പി, ട്രാൻസ്പ്ലാന്റേഷൻ, എം.ആർ.ഡി. മോണിറ്ററിംഗ്, സപ്പോർട്ടീവ് കെയർ, സർവൈവർഷിപ്പ് തുടങ്ങി മൈലോമ ചികിത്സാരംഗത്ത് വേഗത്തിൽ വിപുലമാകുന്ന മേഖലകളിലെ പുതിയ അറിവുകളും പഠനങ്ങളും സമ്മേളനത്തിൽ അവതരിപ്പിക്കപ്പെടും. ഡെലിഗേറ്റുകൾക്ക് അന്താരാഷ്ട്ര വിദഗ്ധരുടെ ലക്ചറുകൾ, പാനൽ ചർച്ചകൾ, കേസുകൾ ആസ്പദമാക്കിയ ക്ലിനിക്കൽ ഡെലിബറേഷനുകൾ, നെറ്റ്‌വർക്കിംഗ് അവസരങ്ങൾ എന്നിവ ലഭ്യമായിരിക്കും. രാജ്യത്തെ മൈലോമ പരിചരണത്തിന്റെ നിലവാരം ഉയർത്തുന്നതിലും ഭാവിയിലുള്ള ചികിത്സാ രീതികളെ രൂപപ്പെടുത്തുന്നതിലും ഈ അക്കാദമിക് സമ്മേളനം നിർണായക പങ്കുവഹിക്കും.

## ദേശീയ ഊർജ്ജ സംരക്ഷണ അവാർഡ് ക്രോംപ്ടണ് സമ്മാനിച്ചു

**കൊച്ചി:** ക്രോംപ്ടൺ ഗ്രീവ്സ് കൺസ്യൂമർ ഇലക്ട്രിക്കൽസ് ലിമിറ്റഡ് ഊർജ്ജ കാര്യക്ഷമതയ്ക്കുള്ള അവാർഡ് ക്രോംപ്റ്റണിന് സമ്മാനിച്ചു. ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ ഇന്ത്യൻ രാഷ്ട്രപതി ദ്രൗപതി മുർമുവിൽ നിന്നും ക്രോംപ്ടൺ ഗ്രീവ്സ് കൺസ്യൂമർ ഇലക്ട്രിക്കൽസ് ലിമിറ്റഡ് എംഡിയും സിഇഒയുമായ പ്രോമീത് ഘോഷ് അവാർഡ് സ്വീകരിച്ചു.

ബിഇഇ 5സ്റ്റാർ റേറ്റിംഗുള്ള സ്റ്റോറേജ് വാട്ടർ ഹീറ്റർ ഉൽപ്പന്നത്തിനാണ് ഈ അവാർഡ് ക്രോംപ്ടണിന് ലഭിച്ചത്.

## എസ്‌യുഡി ലൈഫ് ഗിഫ്റ്റ് സിറ്റി ഫണ്ടുകൾ ആരംഭിച്ചു

**കൊച്ചി:** സ്റ്റാർ യൂണിയൻ ദായ്ഇച്ചി ലൈഫ് ഇൻഷുറൻസ് കമ്പനി ലിമിറ്റഡ് (എസ്‌യുഡി ലൈഫ്) പുതിയ ലൈഫ് ഇൻഷുറൻസ് സ്കീമുകളായ 'എസ്‌യുഡി ലൈഫ് ഗിഫ്റ്റ് ഗ്ലോബൽ ഓപ്പർച്യൂണിറ്റി മാക്സിമൈസർ ഫണ്ട്', 'എസ്‌യുഡി ലൈഫ് ഗിഫ്റ്റ് ഇന്ത്യ ഫോക്കസ്ഡ് ഫണ്ട്' എന്നിവ ആരംഭിച്ചു. ഇവ പോളിസി ഉടമകൾക്കും വ്യക്തികൾക്കും ആഗോളതലത്തിൽ മികച്ച അവസരങ്ങൾ ലഭ്യമാക്കുമെന്ന് എസ്‌യുഡി ലൈഫ് ചീഫ് ഇൻവെസ്റ്റ്മെന്റ് ഓഫീസർ റാം കമൽ സാമന്ത പറഞ്ഞു. ഇക്വിറ്റികളിൽ പ്രധാന വിഹിതം കേന്ദ്രീകരിച്ചിരിക്കുന്ന എസ്‌യുഡി ലൈഫ് ഗ്ലോബൽ ഓപ്പർച്യൂണിറ്റി മാക്സിമൈസർ ഫണ്ട് അന്താരാഷ്ട്ര വിപണികളിലും ആസ്തി ക്ലാസുകളിലും വൈവിധ്യമാർന്ന അവസരങ്ങൾ നൽകുന്നു. എസ്‌യുഡി ലൈഫ് ഇന്റർനാഷണൽ വെൽത്ത് ക്രിയേറ്റർ പ്ലാനിന് കീഴിൽ ലഭ്യമായ എസ്‌യുഡി ലൈഫ് ഗ്ലോബൽ ഓപ്പർച്യൂണിറ്റി മാക്സിമൈസർ ഫണ്ട്, സമഗ്ര സംരക്ഷണ പരിഹാരത്തിന് പുറമേ, എൻആർഐകൾ, പിഐഒകൾ, ഒസിഐകൾ, റെസിഡന്റ് ഇന്ത്യക്കാർ എന്നിവർക്ക് ആഗോളതലത്തിൽ വൈവിധ്യമാർന്ന അവസരങ്ങൾ വാഗ്ദാനം ചെയ്യുന്നു. വൈവിധ്യവൽക്കരണം ആഗ്രഹിക്കുന്ന ഉപഭോക്താക്കൾക്കായാണ് പുതിയ ഉൽപ്പന്നം രൂപകൽപ്പന ചെയ്തിരിക്കുന്നതെന്നും റാം കമൽ സാമന്ത പറഞ്ഞു. എസ്‌യുഡി ലൈഫ് ഗിഫ്റ്റ് ഗ്ലോബൽ ഓപ്പർച്യൂണിറ്റി മാക്സിമൈസർ ഫണ്ട് ഡിസംബർ 22 ലഭ്യമാണ്.

## ഒബെൻ ഇലക്ട്രിക് 85 കോടി സമാഹരിച്ചു

**കൊച്ചി:** ഇന്ത്യയിലെ ആർ ആന്റ് ഡി അധിഷ്ഠിത ഇലക്ട്രിക് മോട്ടോർസൈക്കിൾ നിർമ്മാതാക്കളായ ഒബെൻ ഇലക്ട്രിക് പ്രീ സീരീസ് ബി ഫണ്ടിംഗ് റൗണ്ടിൽ 85 കോടി സമാഹരിച്ചതായി കമ്പനി അധികൃതർ പറഞ്ഞു. രാജ് കെ. സോയിൻ, മൂസ ദാബ്രി, രമേഷ് ഭുടാഡ തുടങ്ങിയ പ്രമുഖ ഇന്ത്യൻ അമേരിക്കൻ ഫാമിലി ഓഫിസുകളും നിലവിലെ നിക്ഷേപകരും റൗണ്ടിൽ പങ്കെടുത്തു. കഴിഞ്ഞ 12 മാസത്തിനിടെ 10 മടങ്ങ് വരുമാന വർധന കൈവരിച്ച കമ്പനിക്ക് എഫ് വൈ 26ൽ 100 കോടി വരുമാനം നേടാനാണ് ലക്ഷ്യം. 2026 മാർച്ചോടെ സിഒജിഎസ് ബ്രേക്ക് ഈവനും 2027ൽ ഇബിഐടിഡിഎ ബ്രേക്ക് ഈവനും കൈവരിക്കാനാണ് പദ്ധതി. പുതുതായി സമാഹരിച്ച നിധി ദേശീയ തലത്തിലുള്ള റീട്ടെയിൽ വിപുലീകരണത്തിനും പുതിയ ഉൽപ്പന്ന ലോഞ്ചുകൾക്കും ഉപയോഗിക്കും.

# കേരള ഗ്രാമീണ ബാങ്കുമായി ഫൈനോ സഹകരണത്തിന്

**ബംഗളൂരു:** ഉപഭോക്തൃത ആശയവിനിമയങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേരള ഗ്രാമീണബാങ്ക് (കെജിബി) ഇന്റലിജൻസ് കമ്യൂണിക്കേഷൻസ് ഹബ്ബായ ഫൈനോയുമായി സഹകരിക്കുന്നു. ഉപഭോക്തൃ സന്ദേശങ്ങൾ സമയബന്ധിതവും കൃത്യമായും വിതരണം ചെയ്യുന്നതിനും മികച്ച ദൃശ്യപരത, നിയന്ത്രണം എന്നിവയോടെ എല്ലാ ആശയവിനിമയങ്ങളും കൈകാര്യം ചെയ്യുന്നതിനും കെജിബിയെ ഫൈനോ സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി ബാങ്ക് അധികൃതർ വ്യക്തമാക്കി. ബാങ്കിന്റെ ആശയവിനിമയങ്ങൾ കേന്ദ്രീകൃതമായി കൈകാര്യം ചെയ്യാനും അപ്ഡേറ്റ് ചെയ്യാനും അതിന്റെ നെറ്റ് വർക്കിലുടനീളം സ്ഥിരമായി മാറ്റങ്ങൾ നടപ്പിലാക്കാനും ഈ പ്ലാറ്റ്ഫോം സഹായിക്കും.

ഉപഭോക്തൃ സേവന നിലവാരം മെച്ചപ്പെടുത്തുന്നതിലും പരാതി പരിഹാര സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിലും നിർബന്ധിത ബഹുഭാഷാ ലഭ്യത ഉറപ്പാക്കുന്നതിലും ആർബിഐ അടുത്തിടെ ശ്രദ്ധ കേന്ദ്രീകരിച്ചതിന്റെ പശ്ചാത്തലത്തിലാണ് കെജിബി ഫൈനോയുമായി കൈകോർക്കുന്നത്. ആർബിഐയുടെ ഈ മാർഗനിർദേശങ്ങൾ ബാങ്കുകൾക്ക് പ്രത്യേകിച്ച് സമയബന്ധിത എസ്എംഎസ് അലർട്ടുകൾ, ബ്രാഞ്ച് തലത്തിലുള്ള പരിഹാരങ്ങൾ, പ്രാദേശിക ഭാഷകളിലുള്ള ആശയവിനിമയം എന്നിവ നടത്തുന്ന റീജനണൽ ബാങ്കുകളുടെ പ്രവർത്തനഭാരം വർധിപ്പിക്കുകയായിരുന്നു. ഫൈനോയുടെ ബിഎഫ്എസ്ഐകേന്ദ്രീകൃത കഴിവുകൾ ഉപയോഗിച്ച്, കേരള ഗ്രാമീണ ബാങ്കിന് ഇപ്പോൾ പ്രകടനത്തെ അടിസ്ഥാനമാക്കി ആശയവിനിമയ ദാതാക്കളെ ഓൺബോർഡ് ചെയ്യാനോ ഡീബോർഡ് ചെയ്യാനോ കഴിയും, ഇരുപത്തിനാല് മണിക്കൂറിനുള്ളിൽ നേരിട്ടുള്ള ടെലികോം സംയോജനം കൈവരിക്കാനും നിയന്ത്രണ ആവശ്യകതകൾ പാലിച്ചുകൊണ്ട് വിശ്വസനീയമായ സന്ദേശ വിതരണം നിലനിർത്താനും കഴിയും.

ഇന്ത്യയിലുടനീളം ഫിനാൻഷ്യൽ ഇൻക്ലൂഷൻ ശക്തമാകുകയും ഡിജിറ്റലൈസേഷൻ വർധിക്കുകയും ചെയ്ത സാഹചര്യത്തിൽ വിവിധ തരത്തിലുള്ള ആശയവിനിമയത്തെ പിന്തുണയ്ക്കാൻ ഫൈനോ പോലുള്ള പ്ലാറ്റ്ഫോമുകൾ ബാങ്കുകൾ നിക്ഷേപം നടത്തുന്നു. തങ്ങളുടെ പ്ലാറ്റ്ഫോമിലൂടെ കേന്ദ്രീകൃത നിയന്ത്രണം ലഭ്യമായതിനാൽ ബാങ്കുകൾക്ക് വേഗത്തിൽ തന്നെ പ്രതികരിക്കാനും തത്സമയ തീരുമാനങ്ങൾ എടുക്കാനും അവ സുരക്ഷിതമായി തുടരാനും സാധിക്കും. ഇത് കസ്റ്റമറുടെ ആവശ്യങ്ങൾക്കനുസരിച്ച് സുതാര്യവും ഏകീകൃതവുമായ ആശയവിനിമയ അന്തരീക്ഷത്തിന് അടിത്തറയാകുമെന്ന് ഫൈനോ കോ ഫൗണ്ടറും സിഇഒയുമായ അനികേത് ജെയിൻ വ്യക്തമാക്കി.

# കാക്കനാട് റെക്കാ ക്ലബിൽ പുതിയ പിക്കിൾബോൾ കോർട്ടുകൾ



**കൊച്ചി:** ഐടി ജീവനക്കാർ അംഗങ്ങളായുള്ള റെക്കാക്ലബിൽ ആധുനിക സൗകര്യങ്ങളോടെയുള്ള രണ്ട് പിക്കിൾബാൾ കോർട്ടുകൾ ഉദ്ഘാടനം ചെയ്തു. സിയാൽ (കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്) എംഡി എസ് സുഹാസ് ഐഎഎസ് കോർട്ടുകളുടെ ഉദ്ഘാടനം നിർവഹിച്ചു. ഇൻഫോപാർക്ക്സൈബർപാർക്ക് സിഇഒ സുശാന്ത് കുറുന്തിൽ അടക്കമുള്ള പ്രമുഖർ ചടങ്ങിൽ സംബന്ധിച്ചു. പൂർണമായും ഇൻഡോർ സംവിധാനത്തിലുള്ളതാണ് പിക്കിൾബോൾ കോർട്ടുകൾ. ആസ്ട്രേലിയയിലെ ലേക്കോൾഡിൽ നിന്നുള്ള സിന്തറ്റിക് അത്ലറ്റിക് കുഷ്യൻഡ് കോർട്ട് സിസ്റ്റമാണ് കോർട്ടിന്റെ ഉപരിതലത്തിൽ ഉപയോഗിച്ചിരിക്കുന്നത്. ഏതു പ്രായക്കാർക്കും പരിക്കേൽക്കാതെ കളിക്കാമെന്നതാണ് ഇതിന്റെ പ്രത്യേകത. മൂന്ന് നിരയായി കാണികൾക്കുള്ള ഇരിപ്പിടങ്ങളും കോർട്ടിനടുത്ത് നിർമ്മിച്ചിട്ടുണ്ട്. പ്രീമിയം മാനദണ്ഡങ്ങളോടു കൂടിയ അന്താരാഷ്ട്ര നിലവാരത്തിലുള്ള കായിക സൗകര്യങ്ങൾ തുടർന്നും ഏർപ്പെടുത്തുമെന്ന് ക്ലബ് പ്രസിഡന്റ് ജിജോ ജി ജോൺ അറിയിച്ചു. പിരിമുറുക്കം നിറഞ്ഞ ഔദ്യോഗിക ജീവതത്തിൽ കായിക വിനോദങ്ങൾക്ക് വലിയ സ്ഥാനമുണ്ടെന്ന് ഇൻഫോപാർക്ക് സൈബർപാർക്ക് സിഇഒ സുശാന്ത് കുറുന്തിൽ പറഞ്ഞു. റെക്കാ ക്ലബ് സെക്രട്ടറി ജിജോ കെ ജോസഫ്, ഭരണസമിതി അംഗങ്ങളായ ഫസൽ അലി വി എം, ചിൽ പ്രകാശ് പി ജി, ബാബു വർഗീസ്, ദാമോദരൻ നമ്പൂതിരി കെ എസ്, തോമസ് മാത്യു തുടങ്ങിയവരും സംബന്ധിച്ചു. കോഴിക്കോട് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (പഴയ റീജണൽ എൻജിനീയറിംഗ് കോളേജ്, ആർഇസി) പൂർവ്വവിദ്യാർത്ഥി സംഘടന ആരംഭിച്ചതാണ് റെക്കാ ക്ലബ്. പിന്നീട് ഐടി മേഖലയിലുള്ളവർക്കും ക്ലബ് അംഗത്വം നൽകി.

# ഹാൻഡ്സെറ്റ് തെഫ്റ്റ് ; ലോസ് ഇൻഷുറൻസ് പദ്ധതിയുമായി വി

**കൊച്ചി:** രാജ്യത്തെ മുൻനിര ടെലികോം സേവനദാതാവായ വി ഈ രംഗത്ത് ആദ്യമായി റീചാർജുമായി ബന്ധിപ്പിച്ചുള്ള ഹാൻഡ്സെറ്റ് മോഷണം നേരിടുന്നതിനുള്ള ഇൻഷുറൻസ് പദ്ധതി അവതരിപ്പിച്ചു.

ഇത് ഐഒഎസ്, ആൻഡ്രോയിഡ് ഉൾപ്പെടെയുള്ള എല്ലാ പ്രീപെയ്ഡ് ഉപഭോക്താക്കൾക്കും ലഭിക്കുമെന്നും 25,000 രൂപ വരെയുള്ള പദ്ധതികൾ 61 രൂപ മുതൽ ലഭ്യമാണെന്നും കമ്പനി അധികൃതർ വ്യക്തമാക്കി. ഹാൻഡ്സെറ്റിനുണ്ടാകുന്ന പ്രശ്നങ്ങൾക്കു മാത്രം പരിരക്ഷ നൽകുന്ന പരമ്പരാഗത പദ്ധതികൾക്കുപരിയായി സ്മാർട്ട് ഫോൺ നഷ്ടപ്പെടുന്നതിനെ കുറിച്ചുള്ള ഉപഭോക്താക്കളുടെ ആശങ്ക കൂടി പരിഹരിക്കുന്നതാണ് നവീനമായ ഈ പദ്ധതിയുടെ നേട്ടം. സ്ഥിതിവിവരക്കണക്ക് പദ്ധതി നടപ്പാക്കൽ മന്ത്രാലയത്തിന്റെ ഈ വർഷം മെയ് മാസത്തെ കണക്കു പ്രകാരം 85.5 ശതമാനം വീടുകളിലും കുറഞ്ഞത് ഒരു സ്മാർട്ട് ഫോണെങ്കിലും ഉണ്ട്. റിപ്പോർട്ട് അനുസരിച്ച് വർഷംതോറും ഏകദേശം 14 ശതമാനം വളർച്ച കൈവരിച്ച് ഹാൻഡ്സെറ്റ് ഇൻഷുറൻസ് വിപണി ഈ വർഷം 2.6 ബില്യൺ ഡോളറിലെത്തുമെന്ന് കണക്കാക്കപ്പെടുന്നു. ഇടത്തരം ഫോണുകൾ വാങ്ങുന്നതിന് 20,000 മുതൽ 25,000 രൂപയാണ് ചെലവു വരുന്നതെന്നും കണക്കാക്കപ്പെടുന്നു. വി അവതരിപ്പിക്കുന്ന ഹാൻഡ്സെറ്റ് തെഫ്റ്റ് ആന്റ് ലോസ് ഇൻഷുറൻസുകൾ മൂന്നു വിഭാഗത്തിലാണ് ലഭ്യമായിട്ടുള്ളത്. 61 രൂപയ്ക്ക് 15 ദിവസം 2ജിബിയും 30 ദിവസം ഹാൻഡ്സെറ്റ് ഇൻഷുറൻസും ലഭ്യമാകും. 201 രൂപയ്ക്ക് 30 ദിവസത്തേക്ക് 10ജിബിയും 180 ദിവസം ഹാൻഡ് സെറ്റ് ഇൻഷുറൻസുമാണുണ്ടാകുക. 251 രൂപയ്ക്ക് 10ജിബി 30 ദിവസത്തേക്കു ലഭിക്കുകയും 365 ദിവസം ഹാൻഡ് സെറ്റ് ഇൻഷുറൻസ് നൽകുകയും ചെയ്യും. ഈ പദ്ധതികളിലെല്ലാം 25,000 രൂപ വരെയാവും ഇൻഷുറൻസ് പരിരക്ഷയെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# അക്കാദമിക് – ഇൻഡസ്ട്രി വിടവ് പരിഹരിക്കാൻ നിർദേശവുമായി ഭാരത നോളജ് സമ്മിറ്റ്

**കൊച്ചി:** വ്യവസായ ലോകവും, വിപണിയുമായി വിദ്യാർത്ഥികളെ ബന്ധിപ്പിക്കുന്ന പ്ലാറ്റ്ഫോമിന് രൂപം നൽകാൻ തൃക്കാക്കര ഭാരത മാതാ കോളേജ് പൂർവ വിദ്യാർത്ഥി സംഘടന കോളേജ് കാംപസിൽ സംഘടിപ്പിച്ച നോളജ് സമിറ്റ് നിർദേശിച്ചു. ഇത് അക്കാദമിക് ഇൻഡസ്ട്രി വിടവ് പരിഹരിക്കാൻ സഹായകരമാകുമെന്ന അഭിപ്രായവും ഉയർന്നു. തിളക്കമാർന്ന ഭാവിക്കൊരു ബ്ലൂ പ്രിന്റ് എന്ന പ്രമേയത്തിൽ സംഘടിപ്പിച്ച ഭാരത നോളജ് സമ്മിറ്റ് 2025 കെഎസ്ഐഡിസി ചെയർമാൻ സി. ബാലഗോപാൽ ഉദ്ഘാടനം ചെയ്തു. 5 വേദികളിൽ 10 സെഷനുകളിലായി നടന്ന സമിറ്റിൽ പങ്കെടുത്തു. ഓപ്പണിംഗ് സെഷനിൽ കെ ഡിസ്ക് എക്സിക്യൂട്ടീവ് ഡയറക്ടർ റോബിൻ ടോമി, മുൻ മുഖ്യമന്ത്രിയുടെ ഉപദേഷ്ടാവ് ഡോ. എം.പി. സുകുമാരൻ നായർ, സൗത്ത് ഇന്ത്യൻ ബാങ്ക് മുൻ മാനേജിംഗ് ഡയറക്ടർ ഡോ. വി.എ. ജോസഫ്, മനോരമ ന്യൂസ് സീനിയർ അസിസ്റ്റന്റ് എഡിറ്റർ എ. അയ്യപ്പദാസ് എന്നിവരുൾപ്പെടെ വ്യത്യസ്ത മേഖലകളിലുള്ള 45 പ്രമുഖർ പങ്കെടുത്തു. അതിർത്തികൾക്ക് അപ്പുറത്തെ അവസരങ്ങൾ, 21ാം നൂറ്റാണ്ടിന് ആവശ്യമായ സവിശേഷ വൈദഗ്ധ്യങ്ങൾ, എഐയിൽ വരാനിരിക്കുന്ന വലിയ കാര്യങ്ങൾ, ഭാവിയുടെ സിവിൽ സർവീസസും ഗവേണൻസുമാണ്, സംരംഭകത്വം വികസിപ്പിക്കാൻ സ്റ്റാർട്ടപ്പുകൾക്ക് ഒരു റോഡ് മാപ്പ്, ലൈഫ് സയൻസസിലെ അനിതര സാധാരണ സാധ്യതകൾ, സർഗാത്മകതയുടെ രൂപരേഖകൾ, എആർ, വിആർ, മെറ്റാവേഴ്സ് സാധ്യതകൾ, ഡിസൈൻ തിങ്കിംഗ് തുടങ്ങിയ വിഷയങ്ങളും സമ്മിറ്റിൽ ചർച്ച ചെയ്തു.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives !



THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% GUARANTEED
ISO 9001
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663